Vol. 19. No. 11.

# കർമ്മലകുസുമം

# The Flower of Carmel



പ്രതിമാസപത്രിക.

November 1921.

# വിഷയ വിവരണിക.


| | | പേജ്. |
|---|---|---|
| 1. | മംഗളം. | 231 |
| | ശ്രീമാൻ കട്ടക്കയത്തിൽ ചെറിയാൻ മാപ്പിള. | |
| 2. | മരിച്ചവരെ മറക്കരുതേ. | ,, |
| 3. | പാരമ്പര്യപഠനം. | 233 |
| | ദിവ്യശ്രീ നടുവത്തുശ്ശേരിൽ യാക്കോബു കത്തനാർ. | |
| 4. | വന്ദനീയ കൊച്ചുത്രേസ്യാ. | 235 |
| | റവ. ഫാദർ ഹില്ലാരിയോൻ സി. ഡി. | |
| 5. | ദൈവജനനിയുടെ പ്രത്യാശ. | 236 |
| | ദിവ്യശ്രീ തറയിൽ യൌസേപ്പ കത്തനാർ. | |
| 6. | തിരുഹൃദയ പ്രാർത്ഥനാഷ്ടകം. (പദ്യം) | 237 |
| | ശ്രീമാൻ മുകളയിൽ ജോസഫ് വാദ്ധ്യാർ. | |
| 7. | ഈശോയുടെ പ്രേമാധിക്യം. | 238 |
| | റവ. ഫാദർ തോമസ് മൂഞ്ഞേലി. | |
| 8. | ക്രൂനൻകരിസ്തു സത്യം. (ന. ദീ.) | 240 |
| | ശ്രീമാൻ വി. സി. ജോർജ്. | |
| 9. | കൊച്ചുത്രേസ്യായുടെ ഭക്തിതീക്ഷ്ണത. | 242 |
| | വെറി റവ. ഫാദർ ജോൺ സി. ഡി. | |
| 10. | കർമ്മലനാഥയുടെ കുഞ്ഞുമക്കൾക്ക്. | 244 |
| | സ്വന്തം കൊച്ചച്ചൻ. | |
| 11. | മിറാംബായി. (ഒരു കഥ) | 246 |
| | റവ. ഫാദർ മർസ്സലിൻ സി. ഡി. | |
| 12. | മരിച്ചവരുടെ വിലാപം. (പദ്യം) | 248 |
| 13. | തിരുഹൃദയ പൊതുനിയോഗം. | 250 |
| 14. | കുറിപ്പുകളും വർത്തമാനങ്ങളും. | 251 |
| 15. | പഞ്ചാംഗം, പരസ്യങ്ങൾ. | |



## പുതിയ വണക്കമാസം.

പരി. വ്യാകുലമാതാവിന്റെ അതിവിശിഷ്ടമായ ഒരു വണക്കമാസം ഇതാ അച്ചടിച്ചുകഴിഞ്ഞിരിക്കുന്നു. ക്രിസ്തീയ കുടുംബങ്ങളിൽ എല്ലാ മാസത്തിലും പ്രതിദിന പാരായണത്തിനുപയോഗിക്കത്തക്കവായനകളും, ദൃഷ്ടാന്തങ്ങളും, വ്യാകുലമാതാവിനെക്കുറിച്ചുള്ള പല ഭക്താഭ്യാസങ്ങളും പാട്ടുകളും അടങ്ങിയ ഈ പുസ്തകത്തിനു വില ൧ രൂപാമാത്രം.

അപേക്ഷിക്കേണ്ടും മേൽവിലാസം.

സൂപ്രണ്ട്, സെൻറു ജോസഫ് പ്രസ്സ്, മാന്നാനം.

# കർമ്മലകുസുമം.

പുസ്തകം ൧൯. ൧൯൨൧ നവംബർ. ലക്കം ൧൧.


## മംഗളം.

എന്നാളും കന്യയാമെൻ ജനനിമറിയമേ! നിൻപദം കുപ്പുവോരിൽ
കുന്നായെത്തുന്ന വാഞ്ഛരിപ്പവട്ടഢമതിനാലൊന്നു ഞാൻ കെഞ്ചിടുന്നു
ഇന്നാൾ ശുദ്ധീകരിക്കും സ്ഥലമതിലമരും ധന്യർ തന്നാഗ്രഹം കൈ-
വന്നാനന്ദത്തൊടും നിന്നരികിലണയുവാൻ നീ കടാക്ഷിച്ചിടേണം.

കട്ടക്കയത്തിൽ ചെറിയാൻമാപ്പിള.

## മരിച്ചവരെ മറക്കരുതേ.

തിരുസഭയിലെ കീർത്തിപ്പെട്ട പുണ്യവാന്മാരിലൊരുവനായ വിശുദ്ധ ലൂയീസ് ബെർട്രാൻഡ് എന്ന ദേഹം തന്റെ പിതാവിന്റെ മരണശേഷമുണ്ടായ ഒരു സംഭവത്തെപ്പററി വിവരിച്ചിരിക്കുന്നതു് ഈ മാസത്തിൽ ക്രിസ്ത്യാനികളേവരുടെയും ഓർമ്മയിൽ എപ്പോഴും ഉണ്ടായിരിക്കേണ്ടതാണ്. പരേതനായ തന്റെ പിതാവിനുവേണ്ടി ഈ പരിശുദ്ധൻ രാപകലില്ലാതെ പ്രാർത്ഥിച്ചു വന്നിരുന്നു. എങ്കിലും ഇടയ്ക്കിടെ മഹാ പ്രലാപകരസ്ഥിതിയിൽ അയാൾ മകനു പ്രത്യക്ഷനാകയും, താൻ അനുഭവിച്ചിരുന്ന അസഹനീയങ്ങളായ കഷ്ടാനുഭവങ്ങളെ അദ്ദേഹത്തിനു വെളിപ്പെടുത്തുകയും ചെയ്തുവന്നു. പിതാവിന്നുവേണ്ടിയുള്ള തന്റെ ജപതപങ്ങളിൽ അല്പം അലസത നേരിട്ടുകഴിഞ്ഞാലുടൻ അദ്ദേഹത്തിന്റെ ആത്മാവു മകനു കാണപ്പെട്ടു് "ലൂയീസേ! എന്റെ മകനേ! എന്നെ സഹായിക്കുക; എന്റെമേൽ അലിവായിരിക്കുക" എന്നു നിലവിളിക്കുക പതിവായി. ഈവിധത്തിൽ എട്ടു സംവത്സരങ്ങൾ കഴിഞ്ഞശേഷം മാത്രമേ അയാൾ ശുദ്ധീകരണസ്ഥലത്തിൽ നിന്നും വിമുക്തനായുള്ളുവെന്നു പുണ്യവാൻ തന്നെ സാക്ഷിച്ചിരിക്കുന്നു. ഒരു മഹാ പരിശുദ്ധന്റെ നിരന്തര പ്രാർത്ഥനകളാൽ സഹായിക്കപ്പെട്ട ഒരു പിതാവു് എട്ടു വർഷത്തേയ്ക്കു ശുദ്ധീകരണാഗ്നിയിൽ വേകേണ്ടതായി വന്നുവെന്നുള്ള സംഗതി നമ്മുടെ പ്രത്യേക ശ്രദ്ധയ്ക്കു വിഷയീഭവിക്കേണ്ടതാകുന്നു.

ദുരിതപ്പെടുന്ന ഈ ആത്മാക്കളെ സഹായിക്കുന്നതു നമുക്കും അത്യന്തം പ്രയോജനകരമായിട്ടുള്ളതാണെന്നു് ഓർത്തിരുന്നാൽ ഇതിൽ പൂർവ്വാധികമായ ഉത്സാഹം നമുക്കുണ്ടാകുന്നതാണ്. "അനുഗ്രഹമുള്ളവർ ഭാഗ്യവാന്മാരാകുന്നു; എന്തുകൊണ്ടെന്നാൽ അവർക്കു അനുഗ്രഹം കിട്ടും". "ഏതളവാൽ നാം അളക്കുമോ,

അപ്രകാരംതന്നെ നമുക്കും അളക്കപ്പെടും". "ശുദ്ധീകരണസ്ഥലത്തിലെ ആത്മാക്കളുടെ നേർക്കു നാം കാണിക്കുന്ന അനുഗ്രഹം, ജീവിക്കുന്നവരോടു പ്രദർശിപ്പിക്കുന്നതിനേക്കാൾ ദൈവത്തിനു അധികം പ്രസാദകരമായിരിക്കുമെന്നു" മാലാഖാസ്തുത്യനായ മാർ തോമ്മാ മല്പാൻ സകാരണം അഭിപ്രായപ്പെടുന്നു. മരിച്ചവർക്കു വേണ്ടി ചെയ്യപ്പെടുന്ന 'മനോഗുണപ്രവൃത്തി' ആത്മികവും ശാരീരികവുമായ മററു പതിമ്മൂന്നു 'മനോഗുണ' കൃത്യങ്ങളേയും അടക്കിക്കൊള്ളുമെന്നാണ് വി. ഫ്രാൻസീസ്സ് സലേസു പുണ്യവാൻ അരുളിച്ചെയ്യുന്നതു്.



പരിശുദ്ധന്മാരുടെ മാദ്ധ്യസ്ഥത്താൽ തനിക്കു ലഭിച്ചിട്ടുള്ളതിലധികം നന്മകൾ ശുദ്ധീകരാത്മാക്കൾ വഴി തനിക്കു കിട്ടിയിട്ടുണ്ടെന്നു ബൊളോഞ്ഞായിലെ കത്രീനാ എന്ന പുണ്യവതി സാക്ഷിച്ചിരിക്കുന്നു. വി. ബത്ത്രൽമായുടെ അന്നയെന്ന ഭാഗ്യവതിയായ കർമ്മലീത്താ കന്യക എല്ലാ ആവശ്യങ്ങളിലും ഈ ആത്മാക്കളുടെ സഹായം തേടിയിരുന്നതായും, എപ്പോഴും അവർവഴിയ്ക്കു അവളുടെ ആവശ്യനിവൃത്തി സിദ്ധിച്ചിരുന്നതായും പ്രസ്താവിക്കുന്നു. "സർവ്വേശ്വരാ! ഞങ്ങളുടെ ഈ നിർഭാഗ്യത്തിൽ ഞങ്ങളെ സഹായിക്കുന്നവർക്കു നീ പ്രത്യുപകാരം ചെയ്യണമേ" എന്നു അനവധി ആത്മാക്കൾ കൂടി പ്രാർത്ഥിക്കുന്നതിനേ വി. ബ്രിജീത്താപ്പുണ്യവതി ഒരിക്കൽ കേൾക്കുകയുണ്ടായി.

ആകയാൽ ശുദ്ധീകരണസ്ഥലത്തിലെ ആത്മാക്കൾക്കു വേണ്ടി പ്രാർത്ഥിക്കുന്നതു കൂടാതെ അവരോടു പ്രാർത്ഥിക്കുന്നതും നമുക്കു എത്രയും ഫലപ്രദമായിട്ടുള്ള ഒരഭ്യാസമാകുന്നു. ഈ തത്വം അനുഭവിച്ചറിഞ്ഞിട്ടില്ലാത്തവർ ഈ മാസത്തിൽ ഒന്നു പരീക്ഷിച്ചുനോക്കട്ടെ.

"അനുഗ്രഹം നിറഞ്ഞ ഈശോയേ! അവർക്കു നിത്യാശ്വാസം കൊടുത്തരുൾക". (൩൦൦ ദി: ദ: വി:)

---

'കുസുമ'ഗ്രന്ഥാവലി വകയ്ക്കു വരിപ്പണമായും മററും മുൻകൂർ പണമയച്ചു

## സഹായികളുന്നവരുടെ പേരുവിവരം.

ദിവ്യശ്രീ കാരിവേലി വക്കിയച്ചൻ രൂ. 2
,, ചോതിരക്കുന്നേൽ ഈനാസിയച്ചൻ 1
,, കരോട്ടുവേമ്പേനി ദേവസ്യാച്ചൻ 1
,, വെട്ടിക്കാപ്പള്ളി കുര്യാക്കോസച്ചൻ 3
,, കോട്ടൂർ യോഹന്നാനച്ചൻ 1
,, പി. കെ. അന്തോനിക്കത്തനാർ 3
,, നെല്ലിവേലിൽ യൌസേപ്പച്ചൻ 1
,, മാണിക്കനാമ്പറമ്പിൽയൌസേപ്പച്ചൻ 1
,, അയ്യങ്കാനാ തോമ്മാച്ചൻ 2
,, വെട്ടിക്കാപ്പള്ളിൽ യാക്കോച്ചൻ 2
,, പനയ്ക്കൽ ആഗസ്തിയച്ചൻ 1
,, വെള്ളായിപ്പറമ്പിൽ യൌസേപ്പച്ചൻ 2
,, ചേന്നക്കാടൻ ജരാർദച്ചൻ 1
,, കോലടിയിൽ ഗീവറുഗീസച്ചൻ 1
,, മേച്ചേരിക്കുന്നേൽ മാണിയച്ചൻ 3
ഫാദർ സല്യസ്റ്റിയൂസ് സി. ഡി. 2
ചെത്തിപ്പുഴ കൊം. പ്രിയോരച്ചൻ 1
മ. രാ. രാ. ജെയിക്കബ് ഫീജി 1
,, പണ്ടാരക്കുളത്തിൽ ചെറിയാൻ 1
,, രാമപുരം തിരു: സംഘംസെക്രട്ടറി 1
,, ഔസേപ്പു കൊച്ചുവറീതു് വി. എസ്. മന്ദിരം, അയ്യമ്പിള്ളി 1
,, ജോസഫ് ജെ. മുട്ടാർകുളങ്ങര 1
,, സ്കറിയാ നിലവുന്തറ. 1
,, മുറിക്കൽ വക്കൻ അതിരമ്പുഴ 1
,, ററി. ററി. തോമ്മസ് ആലപ്പുഴ. 1
,, എലക്കാട്ടുപറമ്പേൽ ഔസേപ്പ് 1
,, എഫ്. ഡി. ക്രൂസ് കൊച്ചി 1

# മതവിശ്വാസം.

## പാരമ്പര്യപാഠനം.

പാരമ്പര്യപാഠനമെന്നുവച്ചാൽ, വിശ്വാസത്തേയും സന്മാർഗ്ഗത്തേയും സംബന്ധിച്ച് മിശിഹായാൽ നേരിട്ടോ പരിശുദ്ധാരൂപിയുടെ പ്രത്യേക പ്രബോധനത്താലോ ശ്ലീഹന്മാൎക്കു നൽകപ്പെട്ടിട്ടുള്ളതും, അവർ വരമൊഴിയായി രേഖപ്പെടുത്തീട്ടില്ലെങ്കിലും വാമൊഴിയായി പ്രസംഗിച്ചിട്ടുള്ളതുമായ ഉപദേശങ്ങളാകുന്നു.

മിശിഹാ തന്റെ ഉപദേശങ്ങൾ സംഗ്രഹിച്ച് ഒരു ഗ്രന്ഥവും രചിച്ചിട്ടില്ല. ശ്ലീഹന്മാർ അങ്ങനെ ചെയ്യണമെന്നു അവിടുന്നു ആജ്ഞാപിച്ചിട്ടുമില്ല. മിശിഹാ ദേശംതോറും ചുററി സഞ്ചരിച്ച് ജനങ്ങളോടു പ്രസംഗിക്കുകയും ഉപദേശിക്കുകയുമാണ് ചെയ്തതു്. (മത്തായി 4.23) അവിടുന്നു ശ്ലീഹന്മാരോടു ആജ്ഞാപിച്ചതു് "നിങ്ങൾ ലോകത്തിന്റെ എല്ലാ ഭാഗങ്ങളിലുംപോയി എല്ലാ സൃഷ്ടികളോടും സുവിശേഷം പ്രസംഗിക്കുവിൻ" എന്നാണ്. (മർക്കോസ് ൧൬. ൧൫) അവർ അതനുസരിച്ച് എല്ലായിടത്തും പോയി പ്രസംഗിച്ചുവെന്നും, കർത്താവ് അവരുടെ പ്രസംഗങ്ങളെ അത്ഭുത പ്രവൃത്തികളാൽ അംഗീകരിച്ചുറപ്പിച്ചുവെന്നും സുവിശേഷത്തിൽ കാണുന്നു. ഇതിൽനിന്ന്, ക്രിസ്തീയ വിശ്വാസത്തിന്റെ മൂലസ്ഥാനമായി ദൈവം നിശ്ചയിച്ചിട്ടുള്ളതു്, മിശിഹാ നൽകിയ ഉപദേശങ്ങളെ വായ്മൊഴിയായി അറിയിക്കുന്ന പ്രസംഗങ്ങളാണെന്നും, നേരേമറിച്ച് വരമൊഴികൾ അടങ്ങിയ ഗ്രന്ഥവരികളല്ലെന്നും സ്പഷ്ടമാണല്ലോ. ശ്ലീഹന്മാരിൽ ചിലർ ക്രിസ്ത്വോപദേശങ്ങളെ ഗ്രന്ഥരൂപേണ നൽകീട്ടുണ്ടെന്നുള്ളതു് ശരിതന്നെ. എന്നാൽ അതെല്ലാം പ്രത്യേകം ചിലരുടെ ആവശ്യം പ്രമാണിച്ചും പ്രത്യേകം ചില ആളുകളെയും സ്ഥലങ്ങളേയും ഉദ്ദേശിച്ചും എഴുതിയ ലേഖനങ്ങളാണ്; അല്ലാതെ, നിത്യരക്ഷ പ്രാപിപ്പാൻ എല്ലാ മനുഷ്യരും അവശ്യം വിശ്വസിക്കേണ്ട തത്വങ്ങളെല്ലാം സംഗ്രഹിച്ച് രചിക്കപ്പെട്ട ഗ്രന്ഥങ്ങളല്ല. സംഗതികളുടെ വാസ്തവം ഇങ്ങിനെയാണെന്ന് വിശുദ്ധ യോഹന്നാൻതന്നെ സ്പഷ്ടമായിപ്പറയുന്നുണ്ടു്. ആ ശ്ലീഹാ സുവിശേഷം എഴുതിയതു് മററു മൂന്നുപേർ സുവിശേഷങ്ങൾ എഴുതിയതിനു ശേഷവും, അവർ അതുകളിൽ ചേൎക്കാതെ വിട്ടുകളഞ്ഞിട്ടുള്ള പല സംഗതികളും എടുത്തു പറയണമെന്നുള്ള ഉദ്ദേശത്തോടുകൂടിയുമാണ്. എങ്കിലും താൻ എഴുതിയ സുവിശേഷത്തിന്റെ അവസാന ഭാഗത്തു് ആ ശ്ലീഹാ ഇപ്രകാരം പ്രസ്താവിച്ചിരിക്കുന്നു. "ഈശോ തന്റെ ശിഷ്യന്മാർ കാൺകെ വേറെയും അനേക അത്ഭുത കൃത്യങ്ങൾ ചെയ്തിട്ടുണ്ടു്. അവ ഈ ഗ്രന്ഥത്തിൽ ചേൎക്കപ്പെട്ടിട്ടില്ല. ഈശോ ചെയ്തിട്ടുള്ള മററനേക സംഗതികളുമുണ്ടു്. അവ ഓരോന്നും എഴുതുന്ന പക്ഷം അതിലേക്കായി രചിക്കപ്പെടുന്ന ഗ്രന്ഥങ്ങൾ ലോകത്തിൽ ഒതുങ്ങുന്നതല്ലെന്നാണ് എന്റെ അഭിപ്രായം." (യോഹന്നാൻ ൨൦, ൩൦; ൨൧,൨൫)

ഇപ്പറഞ്ഞവയിൽനിന്ന്, ശ്ലീഹന്മാരും അവരുടെ ശിഷ്യന്മാരും മററു ക്രിസ്ത്യാനികളും യാതൊരു ഗ്രന്ഥത്തേയും ക്രിസ്ത്യ വിശ്വാസത്തിന്റെ ഒഴിച്ചുകൂടാത്ത ഏകപ്രമാണഗ്രന്ഥമായി ഗണിച്ചിരുന്നില്ലെന്നു നിഷ്പ്രയാസം ഗ്രഹിക്കാവുന്നതാണ്. നേരേമറിച്ച്, വായ്മൊഴിയായി നൽകുന്ന ഉപദേശങ്ങളെ, അതായതു് പാരമ്പര്യ പാഠനങ്ങളെയാണ് അവർ കാര്യമായിക്കരുതിയിരുന്നതു്. വി: പൌലോസ് ശ്ലീഹാ തിമോത്തേവൂസിനു അയച്ച ലേഖനത്തിൽ ഇപ്രകാരം ഉപദേശിക്കുന്നു. "അതിനാൽ, എന്റെ മകനേ, നീ നിശ്ചലനായിരിക്കുക. . . . നീ അനേക സാക്ഷികളുടെ മുമ്പാകെ എന്നിൽനിന്നു കേട്ടിട്ടുള്ള സംഗതികൾതന്നെ, മററുള്ളവരെക്കൂടി ഉപദേശിക്കാൻ യോഗ്യന്മാരും വിശ്വസ്തന്മാരുമായ ആളുകളെ നീ ധരിപ്പിക്കുക." (൨ തിമോത്തേവൂസ് ൨,-൧,൨)

എന്നു മാത്രമല്ല വായ്മൊഴിയായുള്ള പാരമ്പര്യപാഠനങ്ങൾ ഇല്ലായിരുന്നുവെങ്കിൽ ക്രിസ്ത്യസഭ സ്ഥാപിക്കപ്പെടുന്ന

തിനോ, ഇന്നുവരെ നിലനിൽക്കുന്നതിനോ സാധിക്കുമായിരുന്നില്ല. എന്തുകൊണ്ടെന്നാൽ, പരിശുദ്ധാരൂപിയുടെ ആഗമനംമുതൽ പത്തു സംവത്സരകാലത്തേക്ക് ക്രിസ്ത്യവിശ്വാസവിഷയം നിർണ്ണയിക്കുന്ന യാതൊരു ഗ്രന്ഥവും രചിക്കപ്പെട്ടിരുന്നില്ല. പിന്നീടു അത്തരം ഗ്രന്ഥങ്ങൾ രചിക്കപ്പെട്ടിട്ടും ക്രിസ്ത്യ വിശ്വാസത്തിന്റെ പല പ്രധാന തത്വങ്ങളെക്കുറിച്ച് അവയിൽ ഒന്നുംതന്നെ പ്രസ്താവിക്കപ്പെട്ടിരുന്നുമില്ല. കൂദാശകളുടെ എണ്ണം, അവയെ നൽകേണ്ട വിധം, ശനിയാഴ്ച്ചക്കു പകരം ഞായറാഴ്ച വിശുദ്ധ ദിനമായി സ്വീകരിക്കുന്ന ആചാരം, ശപഥം ചെയ്യുന്നതിന്റെ കുററമില്ലായ്മ, വേദപുസ്തകം ദൈവപ്രോക്തങ്ങളാണെന്നുള്ള തത്വം മുതലായവ ഇതിനു ഉദാഹരണങ്ങളാണ്. എന്നല്ലാ, പ്രസ്തുത ഗ്രന്ഥങ്ങളിൽ അടങ്ങീട്ടുള്ള തത്വങ്ങൾ തന്നെയും വിശദമായും തൃപ്തികരമായും അവയിൽ വിവരിക്കപ്പെട്ടിട്ടില്ല. അതിനാൽ ആ ഗ്രന്ഥങ്ങളിൽ അടങ്ങിയ സംഗതികളെ സ്ഥിരീകരിക്കുന്നതിനു മാത്രമല്ല, അവയെ വിശദീകരിച്ച് സുഗ്രാഹ്യങ്ങളാക്കിത്തീർക്കുന്നതിനും പാരമ്പര്യപഠനം ഒഴിച്ചുകൂടാത്ത മാർഗ്ഗമായിട്ടാണിരിക്കുന്നത്.

ക്രിസ്ത്യവിശ്വാസവിഷയം ഏതെല്ലാമെന്നു നിർണ്ണയിക്കുന്നതിനു നിയാമകമായി (തോത്) വേദപുസ്തകം ഒന്നുമാത്രമേ സ്വീകരിക്കേണ്ടതുള്ളുവെന്നും, ഓരോരുത്തനും താൻ വിശ്വസിക്കേണ്ട തത്വങ്ങളെ അതിൽനിന്നു സ്വയം ഗ്രഹിച്ചുകൊള്ളേണ്ടതാണെന്നുമുള്ള അഭിപ്രായത്തിൽ പലേ അബദ്ധങ്ങളും അടങ്ങിയിരിക്കുന്നുണ്ട്. ഉദാഹരണമായി ഒരു സംഗതി മാത്രം എടുക്കുക. വേദപുസ്തകത്തിന്റെ ഒരു പ്രതി വാങ്ങി കൈവശംവെച്ചിരിക്കാൻ നിവൃത്തിയില്ലാത്തവരുടെ ഗതി എന്തായിരിക്കും? അച്ചടിയന്ത്രം കണ്ടുപിടിച്ചിട്ടു വളരെ നൂററാണ്ടുകളായിട്ടില്ലല്ലോ. ആ കണ്ടുപിടിത്തത്തിനുമുമ്പുള്ള അനേക ശതാബ്ദങ്ങളിൽ വേദപുസ്തകത്തിന്റെ പ്രതി കൈവശമില്ലാത്തവർ അസംഖ്യമുണ്ടായിരുന്നു. അക്ഷരാഭ്യാസമില്ലാത്തതിനാൽ വേദപുസ്തകം വായിച്ചറിയുന്നതിനു അപ്രാപ്തന്മാരായും എത്രയധികം ആളുകൾ ഉണ്ടായിരുന്നിരിക്കണം. ഇതിനുംപുറമേ, തന്റെ കൈവശമുള്ള വേദപുസ്തകതർജ്ജിമ മൂലത്തോടു ശരിയായി യോജിപ്പുള്ളതാണെന്നു ഉറപ്പു പറവാൻ ആർക്കും കഴിവുണ്ടായിരുന്നില്ല.

ഗ്രന്ഥരൂപേണ നൽകപ്പെട്ടിരുന്ന ഉപദേശങ്ങളോടുകൂടിത്തന്നെ പാരമ്പര്യ പഠനങ്ങളും ക്രിസ്ത്യവിശ്വാസത്തിന്റെ മൂലസ്ഥാനങ്ങളായി തിരുസഭയുടെ സ്ഥാപനകാലം മുതൽക്കു സ്വീകരിക്കപ്പെട്ടുപോന്നിട്ടുണ്ട്. ശ്ലീഹന്മാരുടെ ശിഷ്യന്മാരായും പരിചിതന്മാരായും ഒന്നുംരണ്ടും നൂററാണ്ടുകളിൽജീവിച്ചിരുന്ന വി. ഇഗ്നാസിയൂസ്, വി. പൊലിക്കാപ്പ് മുതലായ സഭാപിതാക്കന്മാർ, അക്കാലത്തെ ക്രിസ്ത്യാനികളോടു, അവർക്കു പ്രസംഗരൂപേണ പരമ്പരയാ ലഭിച്ചിട്ടുള്ള മതപഠനങ്ങൾ വിശ്വാസപൂർവ്വം സൂക്ഷിക്കണമെന്നു ഉപദേശിച്ചിരുന്നു. ഇടത്തൂട്ടുകാർ അങ്ങനെ ചെയ്യാത്തതിനെക്കുറിച്ച് രണ്ടാം നൂററാണ്ടിൽ വി. ഇരണേവൂസ് എന്ന സഭാപിതാവ് അവരെ ആക്ഷേപിച്ചിട്ടുള്ളതായും ലക്ഷ്യങ്ങൾ കാണുന്നുണ്ട്. അവർ വേദപുസ്തക സാക്ഷ്യങ്ങളേയും പാരമ്പര്യപഠനങ്ങളേയും സ്വീകരിക്കാതെ തള്ളിക്കളയുന്നത് തെററാണെന്നും, ആ പാരമ്പര്യപഠനങ്ങൾ ശ്ലീഹന്മാരിൽനിന്നു ലഭിച്ചിട്ടുള്ളതും അവരുടെ പിൻഗാമികളായ തിരുസഭയിലെ എല്ലാ മെത്രാന്മാരാലും പൂജ്യമായി ആദരിച്ചുപോന്നിട്ടുള്ളതുമാണെന്നും ഈ വിശുദ്ധൻ പ്രസ്താവിച്ചിരിക്കുന്നു. (Adv Haer 1, 3) ഇദ്ദേഹത്തെ കൂടാതെ മററു പലരും ഇപ്രകാരം തന്നെ പ്രസ്താവിച്ചിട്ടുണ്ട്.

വായ്മൊഴിയായി നൽകപ്പെട്ട ഈ പാരമ്പര്യ പഠനങ്ങൾ കാലാന്തരത്തിൽ സഭാപിതാക്കന്മാരാൽ ക്രമേണ വരമൊഴിയായി ഗ്രന്ഥങ്ങളിൽ സംഗ്രഹിക്കപ്പെടുകയും ആ ഗ്രന്ഥങ്ങൾ തിരുസഭയിലെ അനന്തരഗാമികളായ പുരുഷാന്തരങ്ങൾക്ക് വഴിക്കുവഴി ശ്രദ്ധാപൂർവ്വം നൽകപ്പെടുകയും ചെയ്തിരിക്കുന്നു. തിരുസഭക്കു ആദികാലം മുതൽ ലഭിച്ചിട്ടുള്ളതും സഭ അതിന്റെ അംഗങ്ങൾക്കു നൽകി വരുന്നതുമായ ഈ പാരമ്പര്യപഠ

നങ്ങൾ സംഗ്രഹിക്കപ്പെട്ടിരിക്കുന്ന മൂലസ്ഥാപനങ്ങൾ പലതാണ്. (൧) സൂനഹദോസുകളിലെ (പരിശുദ്ധ സിംഹാസനം അംഗീകരിച്ചിട്ടുള്ള മെത്രാന്മാരുടെ പൊതുയോഗങ്ങളിലെ) നിർണ്ണയങ്ങളും, പ്രഖ്യാപനങ്ങളും; (൨) സഭാപിതാക്കന്മാർ രചിച്ചിട്ടുള്ള ഗ്രന്ഥങ്ങൾ; (൩) രക്തസാക്ഷികളുടേയും മററു വിശുദ്ധന്മാരുടേയും ജീവചരിത്രങ്ങൾ; (൪) തിരുസഭാചരിത്രം, സഭയുടെ ഉപദേശം, സഭാ നടപടികൾ മുതലായവ രേഖപ്പെടുത്തിട്ടുള്ള പ്രാചീന ഗ്രന്ഥങ്ങൾ; (൫) സഭയുടെ പല റീത്തിൽ (ഭാഷയിൽ) പെട്ട ആരാധനക്രമങ്ങളും പരസ്യപ്രാർത്ഥനകളും.

ഇപ്പറഞ്ഞവയെല്ലാം ഉള്ളടക്കംചെയ്തിട്ടുള്ള ഗ്രന്ഥങ്ങളിൽ, കത്തോലിക്കാസഭയിലെ സർവ്വസാധാരണമായ പഠനങ്ങളായി പ്രസ്താവിക്കപ്പെട്ടിട്ടുള്ള സമസ്തവും, വേദപുസ്തകത്തിനു പുറമെ, ക്രിസ്ത്യവിശ്വാസവിഷയം നിർണ്ണയിക്കുന്ന ഒരു നിയാമകമായി നാം സ്വീകരിക്കേണ്ടിയിരിക്കുന്നു. അതു അപ്രകാരം പുരാതനകാലം മുതല്ക്കേ സ്വീകരിക്കപ്പെട്ടു പോന്നിട്ടുമുണ്ട്. വിൻസെൻറു ആഫ് ലെറിൻസ് (St. Vincent of Lerins) എന്ന വിശുദ്ധൻ അഞ്ചാം നൂററാണ്ടിൽ തന്നെ ഇപ്രകാരം എഴുതുകയുണ്ടായി. "എല്ലാവരാലും എല്ലാ സ്ഥലങ്ങളിലും എല്ലാക്കാലത്തും വിശ്വസിക്കപ്പെട്ടുപോന്നിട്ടുള്ളവയെ ഞങ്ങൾ അഭേദ്യമായി സ്വീകരിക്കുന്നു. എന്തുകൊണ്ടെന്നാൽ, അപ്രകാരമുള്ളവ യഥാർത്ഥമായും അനിഷേധ്യമായും കത്തോലിക്ക (സർവ്വസാധാരണം) യാകുന്നു"

നടുവത്തുശേരി യാക്കോബു ക.

## വന്ദനീയയായ കൊച്ചുത്രേസ്യാ.

ഇരുപത്തിനാലു കൊല്ലങ്ങൾക്കു മുമ്പ്, ഫ്രാൻസുരാജ്യത്തിൽ ലീസോ എന്ന സ്ഥലത്തെ കർമ്മലീത്താ മഠത്തിൽ പുണ്യകീർത്തിയോടെ പരലോകപ്രാപ്തയായ കൊച്ചുത്രേസ്യാക്കന്യകയേപ്പററി കേട്ടിട്ടില്ലാത്തവരായി ഇന്നു ലോകത്തിൽ അധികമാളുകൾ കാണുമെന്നു തോന്നുന്നില്ല. തിരുസഭയുടെ നിയമാനുസരണമുള്ള പരീക്ഷകൾ കഴിച്ചു, അവളേ ഭാഗ്യവതി എന്നു നാമകരണം ചെയ്യുകാണുന്നതിനു കത്തോലിക്ക ലോകമാസകലം, അത്യാശയോടേ പ്രതീക്ഷിച്ചുകൊണ്ടിരിക്കയായിരുന്നു. ഇക്കഴിഞ്ഞ ആഗസ്റ്റ് മാസം ൧൪-നു പരിശുദ്ധ പിതാവു പതിനഞ്ചാം ബനദീക്തോസ് മാർപ്പാപ്പാ തിരുമനസ്സുകൊണ്ടു ഈ അത്ഭുതപ്രവർത്തകയേ വന്ദനീയയെന്നു മുറപ്രകാരം പേരുവിളിച്ചിരിക്കുന്ന വിവരം അത്യാഹ്ളാദപൂർവം അറിയിച്ചുകൊള്ളുന്നു.

നമ്മുടെ ഭാഗ്യവതി ൧൮൭൩ ജനുവരി ൨-നു ഫ്രാൻസിൽ അലേങ്കോൻ എന്ന സ്ഥലത്താണു ജാതയായതു്. അവളുടെ മാതാപിതാക്കന്മാർ ദൈവഭക്തരായ ഉത്തമകത്തോലിക്കരായിരുന്നു. തങ്ങൾക്കുണ്ടാകുന്ന സന്താനങ്ങളെല്ലാം ദൈവശുശ്രൂഷക്കു പ്രതിഷ്ഠിക്കപ്പെട്ടു കാണേണമെന്നായിരുന്നു അവളുടെ അമ്മയുടെ പ്രാർത്ഥന. ആകെ ഒൻപതു കുട്ടികൾ അവൾക്കു ജനിച്ചതിൽ നാലും ബാല്യത്തിലേ മരിച്ചുപോയി. ശേഷിച്ച അഞ്ചു പെൺകുട്ടികളും സന്യാസത്തിൽ പ്രവേശിക്കയാണുണ്ടായതു. കൊച്ചുത്രേസ്യാ അവരിൽ ഇളയപുത്രിയായിരുന്നു. പതിനഞ്ചു വയസ്സിൽ അവൾ കന്യകാമഠത്തിൽ ചേർന്നു. ൧൮൯൭ സെപ്റ്റംബർ ൩൦-നു ൨൪-ാമത്തെ വയസ്സിൽ ക്ഷയരോഗബാധിതയായി പരലോകപ്രാപ്തയാകയും ചെയ്തു. അസാമാന്യമായ വലിയ സംഭവങ്ങളൊന്നും ഈ കന്യകയുടെ ജീവിതത്തിൽ കാണ്മാനില്ലായിരുന്നു. ശിശുക്കൾക്കുതുത്ത നിഷ്കപടതയോടുകൂടി, വിനയം സമസ്തദുഃസ്സഹം എന്നിതുകളിൽ പ്രത്യേകം വിളങ്ങിയിരുന്ന ഒരു കന്യകയെന്നു മാത്രമേ അവളേപ്പററി പറവാ

നുണ്ടായിരുന്നൊള്ളൂ. ഭയാനകങ്ങളായ തപഃക്രിയകളോ, അതിസ്വാഭാവികങ്ങളായ വെളിപാടുകളോ അവളുടെ ചരിത്രത്തിൽ അന്വേഷിക്കേണ്ടതില്ല. മേലധികാരികളുടെ ആജ്ഞാനുസരണം, മരണത്തിന്നു കുറേ മുമ്പായിട്ട് അവളുടെ ഒരു ജീവചരിത്രം അവൾ തന്നെ എഴുതിയിട്ടുണ്ട്. ഇതിനിടകൊണ്ടു, ലോകത്തിലുള്ള മിക്ക ഭാഷകളിലേക്കും ഭാഷാന്തരം ചെയ്യപ്പെട്ടിട്ടുള്ള പ്രസ്തുത ചരിത്രം വായിച്ചാൽ അവൾ പുണ്യപൂർണ്ണത പ്രാപിച്ചതു എങ്ങനെയാണെന്നു ആർക്കും നിഷ്പ്രയാസം ഗ്രഹിക്കാം. ദിവസേനയുള്ള ചെറിയ ചെറിയ കുരിശുകളെ ധീരതയോടെ സഹിച്ചുകൊണ്ടും, ദൈവതൃക്കൈകളിൽ മനോശരണതയോടേ തന്നെത്തന്നെ കയ്യാളിച്ചുകൊണ്ടുമുള്ള ആ ജീവിതസമ്പ്രദായത്തിനു അവളുടെ 'കൊച്ചുവഴി'യെന്നാണു അവൾ പേരു കൊടുത്തിരിക്കുന്നതു്. ആ വഴി എല്ലാവരേയും പഠിപ്പിക്കുന്നതിനു അവൾ ഇപ്പോഴും ആഗ്രഹിച്ചു ശ്രമിച്ചുവരുന്നു.

"ലോകത്തിൽ വന്നു നന്മ ചെയ്തുകൊണ്ടു എന്റെ സ്വർഗ്ഗജീവിതം ഞാൻ കഴിച്ചുകൂട്ടും "എന്നു അവൾ പറഞ്ഞിരുന്നതു യഥാർത്ഥത്തിൽ നിറവേറിവരുന്നു. അവളുടെ മരണശേഷം ഏതെല്ലാം വിധത്തിലുള്ള മനോഗുണങ്ങളാണു അവൾ വഴിയ്ക്കു ഓരോരുത്തർക്കു സിദ്ധിച്ചുവന്നതെന്നുള്ളതിനു കണക്കില്ല. അതുകളെ പ്രസിദ്ധീകരിക്കുന്നതിലേക്കു തന്നേ ഒരു പ്രതിമാസപ്പത്രിക നടത്തപ്പെടുന്നുണ്ട്. ജാതിമതഭേദം കൂടാതെ സകലരും അവളുടെ മാദ്ധ്യസ്ഥം തേടുകയും, എല്ലാവർക്കും അവളുടെ സഹായം ലഭിക്കയും ചെയ്തുവരുന്നു. നേരെ കാണപ്പെട്ടു തന്നേയുള്ള അവളുടെ സഹായങ്ങൾ വിചാരിച്ചാൽ ദൈവം ലോകോപകാരാർത്ഥം ഈക്കാലത്തേയ്ക്കു അവളെ പ്രത്യേകിച്ചു നിയോഗിച്ചിരിക്കയാണോ എന്നു തോന്നിപ്പോകും. യുദ്ധകാലത്തു, കൊച്ചുത്രേസ്യാ പ്രത്യക്ഷപ്പെട്ടു സഹായങ്ങൾ ചെയ്യാത്ത യുദ്ധരംഗങ്ങൾ ഉണ്ടായിരുന്നില്ല. അതിന്റെ ശേഷം ജീവിതസമരത്തിൽ ഏർപ്പെട്ടിരിക്കുന്ന നാനാജാതിമതസ്ഥരായ ആളുകൾക്കു നിരവധി ഉപകാരങ്ങൾ ചെയ്യുന്നതിൽ സദാ അവൾ ഉൽസുകയായിരിക്കുന്നു. ഈശോയുടെ ഈ കൊച്ചു 'കുസുമം' അചിരേണ പരിശുദ്ധ എന്ന അഭിധാനവും പ്രാപിച്ചുകാണ്മാൻ "കുസുമ" വായനക്കാർ പ്രാർത്ഥിപ്പാറാകണം.

ഫാദർ ഹില്ലാര്യോൻ സി. ഡി.

## ദൈവജനനിയുടെ പ്രത്യാശ.

വിശ്വാസത്തിന്റെ തീരം, പ്രത്യാശാസമുദ്രത്തിന്റെ ആരംഭമാണല്ലോ. ആകയാൽ ഈ സമുദ്രതലത്തിന്റെയും ആഴം നമുക്കു നോക്കേണ്ടതായിട്ടുണ്ട്. മറിയത്തിന്റെ പ്രത്യാശ, ദൈവനിശ്ചയത്തേയും വെല്ലുന്ന ശക്തിമത്തായ ഒരു കോട്ടയായിരുന്നു, എന്നു പറയുന്നതിൽ, അതിശയോക്തി ലവലേശമില്ല. കാനായിലെ വിവാഹവിരുന്നിൽ "വീഞ്ഞു കുറവായപ്പോൾ, ഈശോയുടെ അമ്മ അങ്ങയോടു, അവർക്കു വീഞ്ഞില്ലായെന്നു പറയുന്നു" ഈ പ്രസ്താവം മൂലം, കല്യാണവീട്ടുകാരന്റെ ആവലാധിയെ, ദൈവജനനി, തന്റെ ദൈവിക സുതന്റെ ശ്രദ്ധക്കു പാത്രീഭവിപ്പിച്ചു. എന്നാൽ അതിൽനിന്നുളവായ ഫലം എന്തായിരുന്നു? ദൈവമാതാവിന്നു ലഭിച്ച ഉത്തരം ആശ്വാസജനകമായിരുന്നുവോ? പ്രതീക്ഷാസാദ്ധ്യമായിരുന്നുവോ? തിരുക്കുമാരന്റെ ഉത്തരം, പൂർവ്വപിതാവായ അബ്രാഹമിനേയും, ക്ഷമാദർപ്പണമായ യോബിനേയും, അത്യത്ഭുതപ്രവർത്തകനായ മോശയേയും, ദൈവശക്തിയായ ഗബ്രിയേലിനെക്കൂടെയും, ഭഗ്നാശയരാക്കിതീർക്കത്തക്ക ഒരു നിഷേധമായിരുന്നു എന്നു തോന്നിപ്പോകും. "എന്നാറെ ഈശോ അവളോടു സ്ത്രീയെ എനിക്കും നിനക്കും എന്തു? എന്റെ നാഴിക, ഇതുവരെയും

വന്നിട്ടില്ലെന്നരുളിചെയ്യുന്നു" ദൈവത്തിന്റെ സമയം ആഗമിച്ചിട്ടില്ലെങ്കിൽ, എങ്ങിനെ വീഞ്ഞുണ്ടാകും? ആർ വീഞ്ഞുണ്ടാക്കും? എന്നാൽ സംഭവംനോക്കുവിൻ. പുത്രന്റെ മറുപടി, തന്റെ ആഗ്രഹത്തിന്നു വിപരീതമായി കാണപ്പെട്ടാലും, മാതാവിന്റെ പ്രത്യാശ, നിരാശയായിത്തീന്നില്ലാ. ആരാണ് വിജയി ആയിത്തീന്നതു്, പുത്രനോ? മാതാവോ? മറിയന്റെ ശരണം, ശരണത്തിന്നെതിരായ ശരണംതന്നെ ആയിരുന്നു. സ്വൎഗ്ഗീയ രാജ്ഞി പ്രത്യാശയുടെ പരീക്ഷയിലും, ജയമിരുത്തു പ്രാപിക്കാതിരുന്നില്ല. അങ്ങുന്നു ദൈവപുത്രനോടുതന്നെ, ഒരു പ്രകാരം മത്സരിക്കുന്നതുപോലെ തോന്നി. തന്റെ ആഗ്രഹം സാധിച്ചുകിട്ടുമെന്നു, പുത്രൻ ഒരാംഗ്യത്താലെങ്കിലും, സൂചിപ്പിക്കുന്നില്ലെങ്കിലും, മ്ശിഹായുടെ മാതാവു്, പ്രത്യാശയുടെ വാൾ, അധികം മൂർച്ചകൂട്ടിയതല്ലാതെ, ഉറയിലിടുവാൻ തുനിഞ്ഞില്ല. അങ്ങേ പ്രത്യാശാശക്തിയാൽ, അടുത്തിട്ടില്ലാത്ത സമയം ഉടനെ ആഗതമായി. ശുദ്ധജലം, എത്രയും മാധുൎയ്യമുള്ള മുന്തിരിരസമായി, മാറിപ്പോകയുംചെയ്തു. ഹാ! ദിവ്യജനനിയുടെ പ്രത്യാശ രാജ്ഞിക്കടുത്തതുതന്നെ, അമ്മക്കടുത്തതുതന്നെ, ദൈവികമായിട്ടുള്ളതുതന്നെ. ആകയാൽകന്യാസ്ത്രീമറിയത്തിൽതന്നെ പൂർണ്ണശരണംവെക്കുന്നവൻഭാഗ്യവാൻ. "എന്നെ കണ്ടെത്തുന്നവൻ ജീവനെ കണ്ടെത്തും, കൎത്താവിൽനിന്നു രക്ഷയെ കോരിയെടുക്കയും ചെയ്യും" (സുഭാ. വ്യ. ൮.൩൫). എന്നു സുഭാഷിതം പറയുന്നു. മറിയത്തെ കണ്ടുമുട്ടുന്നവൻ ആരോ, അവൻ രക്ഷയുടെ ജലത്തെത്തന്നെയല്ല, രക്ഷയുടെ വീഞ്ഞിനേയും കോരും. മറിയത്തിൽ ആശ്രയിക്കുന്നവൻ, രക്ഷയുടെ കരയെ പ്രാപിക്കും; പുണ്യപൂർണ്ണതയുടെ ആകാശക്കപ്പലിൽ കയറി, പുണ്യത്തിന്റെ കൊടുമുടിയെ പ്രാപിക്കുയും ചെയ്യും. മറിയത്തിന്റെ ഓമനപ്പുത്രൻ ഒരുനാളും നശിച്ചുപോകയില്ല. വിശുദ്ധ സുനിസ്ലാവോസിനെപ്പോലെ, ദൈവസ്നേഹത്തിന്റെ മാധുൎയ്യമുള്ള തിളക്കുന്ന വീഞ്ഞിൽ, മറിയഭക്തൻ മുങ്ങിത്താണുപോകും. ദൈവജനനിയുടെ നേരെയുള്ള ഭക്തി, ദൈവവിശ്വാസത്തേയും ദൈവസ്നേഹത്തേയും കുറച്ചുകളയുന്നു എന്നു പ്രസ്താവിക്കുന്ന പതിതർ എത്ര ഭോഷന്മാരാകുന്നു.

തറയിൽ യൌസേപ്പു കത്തനാർ.

---

## തിരുഹൃദയ സ്തോത്രാഷ്ടകം.

സുരുചിരമഹിമാവാലാക്കുമുള്ളിൽപ്രമോദം
വിരുതൊടുപരമേകും നിസ്തുലാഭാഢ്യമാകും
തിരുഹൃദയമുടൻമേ ചിത്തതാരിങ്കലെത്തീ-
ട്ടുരുതരമൊളിവീശാനീശ!ഞാൻകൈതൊഴുന്നേ (ൻ.

യതികുലമതി കന്യാമെൌലിമാർ വാനവന്മാർ
ക്ഷിതിതലമതിലേറും മർത്ത്യരെന്നാരുമേററം
പ്രതിദിനമതിഭക്തിപ്രാഭവാൽ കൂപ്പിടുംചെ-
ങ്കതിരൊളിചിതറീടും'സ്വാന്ത'മാലംബനംമേ

നരകുലമതു നിന്നിൽചിന്നിടും സൽഗ്ഗുണൌഘം
കരളതിലറിവാനും പാഠമാക്കീടുവാനും
സരസതയൊടു മന്നിൽസർവ്വവുംദിവ്യരൂപോ-
ത്തരമൊടു വിലസീടും ചിത്തമേ! നീ തുണക്കൂ.

'ഉലകതിലതിമാത്രം താപമാന്നോരുമെന്ന-
ല്ലലഘുതരമഘം പൂണ്ടോരുമെത്തിബ് ഭജിപ്പി
പലഗ്ഗുണവ്യമിയാററാ'മേവമെന്നാവിളിക്കും (ൻ
തുലവെടിയുമൊരുള്ളംസൌഖ്യമിങ്ങേകിടേണം.

കരുണലവമെഴാതാവൈരിവൃന്ദങ്ങൾ ഹാ! ഹാ
പുരുരുജയരുളീപണ്ടിപ്പൊഴും ലോകമെല്ലാം
തിരുഹൃദയമഹോസ്ത്രം വിട്ടു കുത്തിപ്പിളക്കു-
ന്നരുതരുതു കഥിപ്പാനീശ! താങ്ങിടണം മേ.

ശകലമിഹവിചാരം ഹൃത്തിലില്ലാതെ ശത്രു-
പ്രകരമഹ! പൊഴിക്കും നിന്ദയേററസുശോകം
പകലിരവ്യവസിക്കും ദേവചിത്തം നമുക്കാ-
യകലുഷഹൃദയംനൽകീടണം വാട്ടമെന്ന്യേ.

കറയരികിലൊരല്പം തീണ്ടിടാതാഴ്ചകളും
നിറമെഴമകതാരിൽസൽകൃപാനൎഘരത്നം
നിറയെബത വിളങ്ങുന്നീശ! ദോഷം തുളുമ്പും
കരൾമമശുഭമാകാൻ നീ കടാക്ഷിച്ചിടേണം.

സകലജനപരിത്രാണത്തിനായ് ക്രൂശിലേറി-
ശ്ശകലിതതനുവായോരേശുവേ! നിൻഹൃദന്തം
പുകളൊടുമമരക്ഷസ്ഥാനം തുല്യംവിളങ്ങു (ഞാൻ
ന്നകലരുതൊരുനാളും ശോസുധാസ്വാദിയാം

മുകളയിൽ ജോസഫ് വാദ്ധ്യാർ.

# ഈശോയുടെ പ്രേമാധിക്യം.

മനുഷ്യർ മിശിഹായോടു കാണിക്കുന്നതായ സ്നേഹബഹുമാനാദികൾക്കു എന്തു പ്രതിഫലമാണ് അദ്ദേഹം നൽകുന്നതു് എന്നു ഒരുപക്ഷേ ചിലർ ചോദിച്ചേക്കാം. നമ്മുടെ സ്വർഗ്ഗീയ രാജാവിനു കഴിയുന്നതുപോലെ അത്ര ധാരാളമായി പ്രതിഫലം കൊടുക്കുന്നതിനു യാതൊരു ലൌകികാധികാരികൾക്കും സാധിക്കയില്ല എന്നുള്ളതു സംശയരഹിതമായ ഒരു സംഗതിയാകുന്നു. ഇഹലോകാധികാരികളുടെ വാഗ്ദാനങ്ങളും കരാറുകളും എത്രയോ അനിശ്ചയങ്ങളും അസ്ഥിരങ്ങളും ആണെന്നു ചരിത്രത്തിൽനിന്നു പ്രസ്പഷ്ടമാകുന്നുണ്ടു്. പ്രധാന മന്ത്രിയായ വൂൾസി, ഹെൻറി എട്ടാമനെ സേവിച്ചതിനേക്കാൾ കൂടുതലായ വിശ്വസ്തതയോടും പ്രേമത്തോടുംകൂടി യാതൊരുത്തനും ഒരിക്കലും തന്റെ ഭൂപതിയെ സേവിച്ചിട്ടില്ല. എന്നാൽ രാജാവിന്റെ ആദരവു് നഷ്ടീഭവിച്ചപ്പോൾ അദ്ദേഹം ശോകാതുരനായി ഇപ്രകാരം പറഞ്ഞു. "രാജാവിനു വേല ചെയ്തിരുന്നതിൽ പകുതി ശുഷ്കാന്തിയോടുകൂടി തന്നെയെങ്കിലും ഞാൻ എന്റെ ദൈവത്തിനുവേണ്ടി പ്രവൃത്തിച്ചിരുന്നെങ്കിൽ അദ്ദേഹം ഈ വാർദ്ധക്യത്തിൽ എന്നെ കൈവിടുകയില്ലായിരുന്നു." മിശിഹായോടുള്ള ഐക്യത കൊണ്ടു എന്തൊരു സ്ഥാനചിഹ്നത്തെയാണ് അദ്ദേഹം നമുക്കു കല്പിച്ചുതരുന്നതു്? നമ്മെ തന്റെ സ്വർഗ്ഗീയ പിതാവിന്റെ മക്കളും അവകാശികളും ആക്കിത്തീർക്കുന്നു. നമ്മെ ദൈവത്തിന്റെ പുത്രന്മാരാക്കുവാൻ വേണ്ടി താൻ പരിശുദ്ധ മറിയത്തിന്റെ പുത്രനായിത്തീർന്നു. "സമയപരിപൂർണ്ണത വന്നപ്പോൾ നമ്മെ രക്ഷിക്കുന്നതിനും പുത്രാവകാശത്തെ നാം സ്വീകരിക്കുന്നതിനും വേണ്ടി ദൈവം തന്റെ പുത്രനെ നിയമാനുസരണമായി ഒരു സ്ത്രീയിൽനിന്നു ഇഹലോകത്തേക്കു യാത്രയാക്കി" എന്നു വിശുദ്ധ ശ്ലീഹാ പറയുന്നു. ഇപ്രകാരം തന്റെ സർവ്വശക്തിയുടെ ഒരു ഏക പ്രവൃത്തിയാൽ നമ്മുടെ പാപക്കറകളെ കഴുകുകയും ആത്മികാടിമത്തനത്തിൽനിന്നു നമ്മളെ വിമുക്തരാക്കുകയും തദ്വാരാ സ്വർഗ്ഗീയ സൌഭാഗ്യവും സ്വാതന്ത്ര്യവും അനുഭവിക്കുന്നതിനു പാത്രവാന്മാരാക്കുകയും ചെയ്തു.

വിശുദ്ധ അഗുസ്തീനോസു "ദൈവത്തിന്റെ രാജ്യ"മെന്ന തന്റെ സുപ്രസിദ്ധമായ ഗ്രന്ഥത്തിൽ പറഞ്ഞിരിക്കുന്നതായതു്. ക്രിസ്ത്വാബ്ദത്തിനുമുമ്പു ജീവിച്ചിരുന്ന നിരവധി ഭരണകർത്താക്കൾ അവരിലും അവരുടെ പ്രജാസഞ്ചയത്തിലും തങ്ങൾ ദേവന്മാരുടെ ഗണത്തിൽനിന്നു ജനിച്ചവരെന്നുള്ള വിശ്വാസത്തെ പ്രബലപ്പെടുത്തുന്നതിനു ഭഗീരഥ പ്രയത്നം ചെയ്തുകൊണ്ടിരുന്നു. ധീരകൃത്യത്തിലേക്കു മനുഷ്യരെ ആനയിപ്പിക്കുന്നതിനു അവർ ഇതു് ഉത്തമ മാർഗ്ഗമായി കരുതിപ്പോന്നു. ഷിപ്പിയോ, റോമുലസ്, സീസർ മുതലായവർ ഇക്കൂട്ടരിൽ കീർത്തിപ്പെട്ടവരായിരുന്നു. എന്നാൽ അവരുടെ ജാത്യാഭിമാനവും സ്ഥാനമാനങ്ങളും വെറും മനോസങ്കല്പമായിരിക്കെ, നമ്മൾ ഏകനും സാത്വികനുമായ സത്യദൈവത്തിന്റെ മക്കളെന്ന സ്ഥാനപ്പേരിൽ അഭിമാനിക്കേണ്ടവരല്ലയോ? നമ്മുടെ ശത്രുവായ പിശാചു പരീക്ഷിക്കുമ്പോഴും, അവന്റെ വലയിൽ നമ്മെ അകപ്പെടുത്തുന്നതിനു അദ്ധ്വാനിക്കുമ്പോഴും 'ഓ! സാത്താനേ, ഞാൻ ദൈവത്തിന്റെ സന്താനമാകുന്നു— വലിയ കാര്യങ്ങൾക്കായിട്ടു ഞാൻ ഭൂജാതനായി— ഞാൻ സ്വർഗ്ഗാവകാശിയായി ഉദ്ദൃക്തനായിരിക്കുന്നു— കർത്താവിന്റെ വിരുന്നിൽനിന്നു ഞാൻ വന്നിരിക്കുന്നു— മിശിഹായുടെ രക്തം എന്റെ നരമ്പിൽക്കൂടി പ്രവഹിക്കുന്നു പരിശുദ്ധ കുഞ്ഞാടിന്റെ രക്തത്താൽ ശുഭ്രവർണ്ണമാക്കപ്പെട്ട ഈ എന്റെ അധരങ്ങൾ ഒരിക്കലും ഞാൻ മലിനപ്പെടുത്തുകയില്ല. മാലാഖാമാരുടെ അപ്പത്താൽ ഞാൻ പോററപ്പെട്ടുന്നു." എന്നിപ്രകാരം അവനോടു പറയണം.

താൻ പ്രത്യക്ഷപ്പെടുമ്പോൾ തന്റെ ഉള്ളാഴ്മപോലെ നാം അദ്ദേഹത്തെ കാണും. നീതിയിലും പരിശുദ്ധതയിലും അമർത്ത്യതയിലും നിത്യ സൌഭാഗ്യത്തിലും നാം അദ്ദേഹത്തെപ്പോലെ ആയിരിക്കും.

ഏററവും ചെറിയ അണുക്കൾ സൂര്യരശ്മിയിൽ അതികമനീയമായി തിളങ്ങി പ്രകാശിക്കുന്നപോലെ നാം ദൈവസന്നിധിയുടെ ആസനാതനമായ ആദിത്യപ്രഭയാൽ പ്രശോഭിതന്മാരാകുകയും തന്റെ അനശ്വരമായ മഹിമയ്ക്കു ഭാഗഭോക്കുകളാകയും ചെയ്യുന്നു. ഇസ്രായേൽ മക്കൾ തന്റെ തിരിഞ്ഞെടുക്കപ്പെട്ട ജനമായിരുന്നിട്ടും ദൈവം അവരോടു കാണിച്ചതിൽ എത്രയോ കൂടുതലായ സ്നേഹത്തെയും ആദരവിനെയും താൻ നമ്മോടു കാണിക്കുന്നു. യൂദന്മാർ ഭയത്തിൽ ജീവിച്ചു. ഭയത്താൽ അവർ ഭരിക്കപ്പെട്ടിരുന്നു. പ്രതിഫലേച്ഛയേക്കാൾ ശിക്ഷയുടെ ഭയത്താൽ അവർ തിന്മയിൽനിന്നും അകന്നിരുന്നു. സൃഷ്ടിപ്പിന്റെ പുസ്തകം മുതൽ മക്കബായക്കാരുടെതുവരെയുള്ള പഴയ നിയമത്തെ നാം പരിശോധിക്കുന്നുവെങ്കിൽ എബ്രായക്കാർ ദൈവത്തെ പിതാവ് എന്നു അഭിവാദ്യം ചെയ്യുതായി നാം കാണുകയില്ല. അവർ യജമാനനെന്നും രാജാവെന്നും ഭരണാധികാരിയെന്നും വിധിയാളനെന്നും തന്നെ നാമകരണം ചെയ്തിരുന്നു. വിശുദ്ധ സ്ലീഹാ തന്റെ സമകാലീനന്മാരായ ക്രിസ്ത്യരോടു പറഞ്ഞതായത്. "ഭയത്താലല്ല നാം ഇപ്പോൾ ബന്ധനസ്ഥരാക്കപ്പെട്ടിരിക്കുന്നത്: പ്രത്യുത സ്വീകാര്യത്താൽ മാത്രമാണ്. ഈ കാരണം കൊണ്ടത്രെ ദൈവത്തെ നാം "അബാ" പിതാവെന്നു വിളിക്കുന്നത്. എന്തുകൊണ്ടെന്നാൽ നാം ദൈവസന്താനങ്ങളെന്നു പരിശുദ്ധാത്മാവുതന്നെ സാക്ഷിച്ചിരിക്കുന്നു. നാം ദൈവസന്താനങ്ങളാകുന്നുവെങ്കിൽ മിശിഹായുടെ അവകാശികളാകുന്നു. ആകയാൽ മിശിഹായോടുകൂടി നാം സഹിക്കുന്നുവെങ്കിൽ തന്നോടുകൂടി സ്തുതിക്കപ്പെടുകയും ചെയ്യും" നാം ദൈവത്തോടു അപേക്ഷിക്കുമ്പോൾ പിതാവ് എന്ന നാമത്തെപ്പോലെ അത്ര സാധാരണയായി ഉപയോഗിക്കുന്ന മററു പേരു ഏതാണ്? നമ്മുടെ കർത്താവിനാൽതന്നെ നൽകപ്പെട്ടതായ "ആകാശങ്ങളിലിരിക്കുന്ന" എന്ന ആ പ്രാർത്ഥനയേക്കാൾ കൂടുതൽ പ്രയോജനകരവും സാരഭൂയിഷ്ഠവുമായ പ്രാർത്ഥന ഏതാണ്? മാതാപിതാക്കന്മാരുടെ അടുക്കലേക്കു ഓടിച്ചെല്ലുന്ന ചെറു ശിശുക്കളെപ്പോലെ അരൂപിയാൽ സ്വർഗ്ഗീയപിതാവിന്റെ പാദങ്ങളിലേക്കു ഓടിച്ചെന്നു പുത്രനിർവ്വിശേഷമായ വിശ്വസ്തതയോടുകൂടി "ആകാശങ്ങളിലിരിക്കുന്ന ഞങ്ങളുടെ പിതാവേ" എന്നു നമുക്കു അദ്ദേഹത്തെ വിളിക്കാം.

സാരസന്മാരുടെ ആധിപത്യത്തിൽനിന്നും വിശുദ്ധ സ്ഥലത്തെ സ്വാതന്ത്ര്യപ്പെടുത്തുന്നതിനു പലസ്തീനായിൽ സമരം നടത്തികൊണ്ടിരുന്ന ഇംഗ്ലണ്ടിലെ രാജാവായ എഡ്വേർഡ് പ്രഥമൻ തന്റെ കൂടാരത്തിൽവെച്ചു ഒരു വിഷകരമായ കുന്തത്താൽ കുത്തപ്പെട്ടു. എലിയനോർ എന്ന അദ്ദേഹത്തിന്റെ വിശ്വസ്ഥപത്നി, ഭർത്താവിനെ ഈ അപകടത്തിൽനിന്നും രക്ഷിക്കുന്നതിനു അവളുടെ സ്വന്ത ജീവനെ തൃണവൽഗണിച്ചു ആ മരണകരമായ മുറിവിൽനിന്നു വിഷത്തെ നക്കിയെടുത്തു എന്നു ഒരു കഥ ഈ വധൂവരന്മാരെപ്പററി പറഞ്ഞുകേട്ടിട്ടുണ്ട്. ഈ സംഗതിയുടെ യാഥാർത്ഥ്യം എങ്ങിനെയെന്നു ഖണ്ഡിച്ചു പറയാൻ അസാദ്ധ്യമെങ്കിലും, ഇതിൽനിന്നു ഒരു പാഠം പഠിക്കേണ്ടതുണ്ട്. മിശിഹാ മനുഷ്യഗണത്തിനു വേണ്ടി ഇതിൽക്കൂടുതലായി പ്രവൃത്തിച്ചിരിക്കുന്നു എന്നുള്ളതു തന്നെയാണ് ഈ പാഠം. തന്റെ സ്വന്ത ജീവനെ അപകടത്തിലാക്കുക മാത്രമല്ല, തന്നെത്തന്നെ ബലികഴിച്ചുകൊണ്ടു പാപത്തിന്റെ വിഷത്തെ നമ്മളിൽനിന്നും അവിടുന്നു ദൂരീകരിക്കുകയും ചെയ്തില്ലയോ? നാം ജീവിക്കുന്നതിനു താൻ മരണത്തെ സ്വീകരിച്ചു. നമ്മുടെ ദുഷ്ടതകൾക്കായി താൻ കഷ്ടതകൾ അനുഭവിച്ചു. നമ്മുടെ പാപങ്ങൾക്കായി താൻ മുറിവേൽക്കപ്പെട്ടു. ദാനങ്ങൾകൊണ്ടു പരിപൂർണ്ണമായിരിക്കുന്ന കരങ്ങളോടുകൂടി താൻ നമ്മുടെയിടയിൽ കാണപ്പെട്ടുന്നു. ഇഹലോക ജീവിതത്തിൽ വെളിച്ചവും വഴികാട്ടിയുമായി തന്റെ സുവിശേഷത്തെ നമുക്കു തന്നിരിക്കുന്നു.

മാർഗ്ഗദർശിനിയന്ത്രം പെശരുള്ള സമുദ്രത്തിൽ നിശ്ചിതസ്ഥലത്തേക്കു കപ്പലിനെ ആനയിക്കുന്നതിനു എപ്രകാരം പ്രയോജനകരമായിത്തീരുന്നുവോ, അ[illegible]
രം മഹാമാരിയായ ഇഹലോ[illegible]
ത്തിൽ നമുക്കുണ്ടാകുന്ന വിവധ[illegible]

യ വിപത്തുകളിൽനിന്നും നമ്മെ കാത്തു പരിപാലിക്കുന്നതിനായിട്ടു റൂഹാദക്കുദശാ തമ്പുരാൻ സദാ നമ്മെ സഹായിച്ചുകൊണ്ടിരിക്കുന്നു. നമ്മുടെ കർത്താവു അരുളിച്ചെയ്യുതാവ്ഃ. "ഞാൻ നിങ്ങളെ അനാഥകളായിട്ടും വെച്ചു പൊകുന്നില്ല, ആശ്വാസകനും സത്യസ്വരൂപിയും ആയ റൂഹാദക്കുദശാ തമ്പുരാനെ ഞാൻ നിങ്ങൾക്കു അയക്കുന്നു". വിശുദ്ധ യോഹന്നാൻ ശ്ലീഹാ ഇപ്രകാരംപറയുന്നു. "എന്റെ വാത്സല്യമക്കളെ!നിങ്ങൾ പാപം ചെയ്യാതെയിരിക്കുന്നതിനു ഈ സംഗതികളെ നിങ്ങൾക്കു ഞാൻ എഴുതുന്നു. നിങ്ങളിൽ ആരെങ്കിലും പാപം ചെയ്യാൽ സ്വർഗ്ഗീയ പിതാവിന്റെ അടുക്കൽ മദ്ധ്യസ്ഥം പറയുന്നതിനായിട്ടു മിശിഹാ നില്പുണ്ട്." അബ്രാഹം,ഇസഹാക്കു,യാക്കോവ് മുതലായ തന്റെ ശുശ്രൂഷികൾക്കുവേണ്ടി ദൈവം തന്റെ തിരഞ്ഞെടുക്കപ്പെട്ട ജനത്തെ സംരക്ഷിച്ചു പോന്നുവെന്നു പഴയ നിയമത്തിൽ നിന്നും നാം അറിയുന്നു. തന്റെ ശുശ്രൂഷികളുടെ അപേക്ഷയെ ഉപേക്ഷിച്ചില്ലെങ്കിൽ ദൈവം തന്റെ പ്രിയസുതന്റെ യാചനയെ എങ്ങനെ നിരസ്സരിക്കും? ആബെലിന്റെ രക്തം തന്റെ ഭ്രാതാവായ കായേനോടു പ്രതികാരം വീഴ്ക്കായി ദൈവസമക്ഷം മുറവിളികൂട്ടുന്നു. മിശിഹായുടെ തിരുരക്തമൊ എന്നാ തന്റെ സഹോദരന്മാൎക്കു അനുഗ്രഹത്തെ പ്രദാനം ചെയ്യുന്നതിനായി ആവലാധി പറയുന്നു. ഓ! ദൈവമെ, നിന്റെ ജനത്തെ രക്ഷിക്കയും നിന്റെ അവകാശത്തെ അവൎക്കു നൽകുകയും ചെയ്യണമെ എന്നു നമ്മുടെ കർത്താവ് രാപകലിലും ദൈവത്തോടു തന്റെ തിരുമുറിവുകൾ വദന ഗഹ്വരങ്ങളായി ഉപയോഗിച്ചുകൊണ്ടു പ്രലാപിക്കുന്നു. ഓ! ഈശോയുടെ സ്നേഹം അതിരററതുതന്നെയല്ലെയൊ?

ഫാദർ തോമ്മസ് മൂത്തേടത്തലി.

## കൂനൻകുരിശു സത്യം.

യാക്കോബായ വിശ്വാസം കേരളത്തിൽ ഇടക്കാലത്തു പറിച്ചു. നട്ടതാണെന്നും കേരളത്തിലെ പുരാതന വിശ്വാസം റോമാമേല്പട്ടക്കാരന്റെ അധികാരത്തിനു കീഴ്പ്പെട്ടുള്ള കത്തോലിക്കാമതമാണെന്നും അന്വേഷണബുദ്ധികളായ ചില യാക്കോബായ സഹോദരന്മാർ ധരിച്ചതിന്റെ ഫലമായി, ചിലർ കത്തോലിക്കസഭയുമായിപുനരൈക്യപ്പെടുന്നതിനു ശ്രമിക്കുന്നുയെന്നും അവരെ പ്രതിരോധിക്കുന്നതിനു ചിലർ ഉത്സാഹിക്കുന്നുവെന്നും ഇതിനിടെ അറിവാനിടയായി. തത്സംബന്ധമായി ദീപികയിൽകണ്ട ഒരു ചെറിയ ലേഖനത്തിൽ പുനരൈക്യം 'കൂനൻകുരിശു സത്യ'ത്തിനു പ്രതികൂലമാണെന്നു ഏതൊ യുവജനസമാജക്കാർ വാദിക്കുന്നതായി സൂചിപ്പിച്ചിരുന്നു. ഈ അവസരത്തിൽ കൂനൻകുരിശു സത്യത്തെപ്പററിയും അനന്തരം മലങ്കരസഭയിൽ ഉണ്ടായ ഭിന്നതയെപ്പററിയും ഉള്ള ഒരു പുരാതന സാക്ഷ്യം ഇവിടെ ഉദ്ധരിക്കുന്നതു് ഉപകാരപ്രദമാകുമെന്നു വിശ്വസിക്കുന്നു. പാറേമ്മാക്കൽ ഗൊവർണദോർ എഴുതിയ കരിയാററി മെത്രാപ്പോലിത്തായുടെ യാത്രാവിവരണത്തിൽ നിന്നെടുത്തിട്ടുള്ള ഈ സാക്ഷ്യം പരമാർത്ഥ ബുദ്ധികൾക്കും സത്യാന്വേഷികൾക്കും കേരളത്തിലെ യാക്കോബായസഭയുടെ ആഗമം വെളിപ്പെടുത്തുവാൻ മതിയാകുമെന്നു വിശ്വസിക്കുന്നു.

൧. "പഴെകാലങ്ങളിൽ മാർ ഫ്രാംസീസ്സ്കൊസ് ഗരീസ്യാ എന്ന കൊടുങ്ങല്ലൂർ മെത്രാപ്പോലീത്താ മലങ്കരെ വാഴുന്ന നാളുകളിൽ ഒരു സുറിയാനിക്കാരൻ മെത്രാനെ പൌലീസുകാററുടെ വിചാരത്താൽ പറങ്കിമാർ കടലിൽ കെട്ടി താഴ്ത്തിയെന്നു് കേൾക്കകൊണ്ടു മലങ്കരെയുള്ള നസ്രാണികൾ എല്ലാവരും മട്ടാഞ്ചേരിൽ കൂടി പൌലീസുകാററെ കണ്ടു അനുസരിച്ചു അവരുടെ കീഴ് ഇരിക്കയില്ലെന്നു സത്യം ചെയ്തു് ഉറപ്പിച്ചതിന്റെ

ശേഷം എല്ലാവരും ആലങ്ങാട്ടുകൂടി മാപ്പ്ളാപ്പാടെനാമത്താൽ ഒപ്പിട്ടു കണ്ട ഒരു കള്ളസാധനത്തിന്റെ ശക്തിയാൽ പന്ത്രണ്ടു പട്ടക്കാരുംകൂടെ അന്നു മലങ്കര ഇടവകയുടെ അൎക്കദ്യാക്കോനായിരുന്ന കുറവിലങ്ങാട്ടുപള്ളി ഇടവകക്കാരൻ പള്ളിവീട്ടിൽ തോമ്മാകത്തനാരെ മലങ്കരെ ഇടവകയുടെ മെത്രാനായി തെരിഞ്ഞെടുത്തു വാഴ്ച്ചയും തികച്ചതിന്റെശേഷം കുറെ നാൾ ഇങ്ങനെ പട്ടാങ്ങയായ വാഴ്ച്ചയില്ലാത്ത മെത്രാന്റെ കീഴ്പള്ളി ഒക്കയും ഇരുന്നതിന്റെ ശേഷം കമ്മലീത്താക്കാരൻ ഹീറാപ്പോലീസ് എന്ന നാട്ടിന്റെ മെത്രാൻ മലങ്കരെ വന്നു നസ്രാണികളുടെ ഇടത്തുണ്ടായ പവൃതി തീൎക്കണമെന്നിട്ടു റോമ്മായിൽ നിന്നും തനിക്കുണ്ടായിരുന്ന മുഷ്ക്കരത്വത്തിന്നു തക്കവണ്ണം പന്തിരണ്ടു പട്ടക്കാരുംകൂടി വാഴിച്ച മാർ തോമ്മാ അൎക്കദ്യാക്കോനെത്തന്നെ പട്ടങ്ങയായി വാഴിച്ചു മലങ്കരക്കു വികാരി അപ്പസ്തോലിക്കാ ആയിട്ടു കല്പിക്കണമെന്നും നിശ്ചയിച്ചു അയാളെ വിളിപ്പിച്ചാറെ വരുവാൻ മനസ്സില്ലായ്കകൊണ്ടു കുറവിലങ്ങാട്ടിടവകയിൽ നിന്നു തന്നെയുള്ള പറമ്പുഴക്കൽ ചാണ്ടിക്കത്തനാരെ ൧൬൬൩ മകരം ൨൧-ാം൹ മൊഗാരാ എന്ന ദിക്കിന്റെ മെത്രാനും മലയാളത്തിലെ വി. അ. വാഴിച്ച് മലങ്കര ഇടവക അദ്ദേഹത്തിന്നു കയ്യേല്പിച്ചതിന്റെശേഷം അദ്ദേഹത്തിന്റെ പ്രയത്നവും ശ്രമവും കൊണ്ട് പൌതപ്പെട്ടതിൽ പല പല പള്ളിക്കാരും തങ്ങൾക്കുണ്ടായ അയൎച്ച അറിഞ്ഞു വലത്തുട്ടിൽ തിരിഞ്ഞു എങ്കിലും ആയതിൽ പല പള്ളിക്കാരും മുൻമ്പിൽ തങ്ങൾ പിടിച്ച പ്രതിജ്ഞയിൽ തന്നെ നിന്നു പന്തിരണ്ടു പട്ടക്കാരുംകൂടി വാഴിച്ച അൎക്കദ്യാക്കോന്റെ കീഴ്തന്നെ നിന്ന് തന്നെ തങ്ങളുടെ മെത്രാനായിട്ടു അറിഞ്ഞുവരികകൊണ്ടു അന്നുതൊട്ടു ഇന്നോളം ആ സ്ഥാനം മലങ്കരകാത്തുവരികയും ചെയ്തു."

വ. "കിഴക്കെപിറേറാവിൽ ഉൾപ്പെട്ട മലയാളത്തിലുള്ള ലോകരു മുമ്പിൽ പട്ടാങ്ങയായ മാൎഗ്ഗത്തിൽ നല്ലവണ്ണം സ്ഥാപിക്കപ്പെട്ടിരുന്നാറെ ആയതിൽ ഒരു വങ്കു കഴിഞ്ഞ യുഗത്തിന്റെ മദ്ധ്യേ നികസിക്കപ്പെട്ട പിണക്കങ്ങളുടെ ഹേതുവാൽ പകപ്പിൽ അകപ്പെട്ടതു മൊഴിയെ ഒട്ടകം കുരുടനായ ഒരു പഥ പാലനെ തങ്ങൾക്കു കല്പിച്ചുംകൊണ്ട് എല്ലാം പ്രകാരത്താലും അരണിക്കപ്പെട്ടതിനാംപക്കം എത്രയും ദുഃഖിപ്പാൻ തക്ക കിടപ്പു ഈ ഇടത്തിലുള്ള മററു പങ്കിനു തന്നെ അല്ലാഹിന്നയൊ പള്ളി ഒക്കക്കും തന്നെ ആകമാനമായ മനക്ലേശത്തിന്റെ ഒണ്ണൽപെട്ട സാധനം ആയി ചമഞ്ഞതിന്റെ ശേഷം ഈ ദുരിതപ്പെട്ട രാജ്യമാകുന്ന എന്റെ നാട്ടിൽ സ്ലീഹാക്കടുത്ത മാൎഗ്ഗമറിയിക്കുന്നവനായിട്ടു പ്രൊപ്പഗാന്ദാം ദൈ എന്ന സമൂഹം എന്നെ അയച്ചാറെ ഇടത്തുട്ടുകളും പിണക്കങ്ങളും കൂടെ ഒരുമിച്ചു കലന്നു ഈ സാധ്യത്തിൽനിന്നു വക്കപ്പെട്ടതും ആ പാവപ്പെട്ട തട്ടിപ്പിൽ അകപ്പെട്ട ജനങ്ങളിൽ നിന്നു വന്ദനയും ആരാധനയും കൈക്കൊണ്ടു വരുന്ന ഭയങ്കരപ്പെട്ട മല്ലനെ തകത്തിഹരം വരുത്തുവാനായിട്ടു പട്ടാങ്ങയുടെ സിംഹാസനം അതിന്മേൽ ഉരിക്കുന്ന ശുദ്ധമാന മലയിൽ നിന്നു അടൻവീണു മനിക്ഷയപ്പെട്ട ചെറിയ കല്ലുകൾപോലെ ഞാൻ ആയി വരികയും ചെയ്തു."

ഉദ്ധരണികയിൽ രണ്ടാമതായി ചേൎക്കുന്ന ഭാഗം കരിയാട്ടി മെത്രാപ്പോലീത്താ തിരുമനസ്സുകൊണ്ട് യാക്കോബായക്കാരുടെ പുനരൈക്യത്തിനുള്ള തന്റെയും സമകാലീനരുടെയും പ്രയത്നങ്ങളെ സൂചിപ്പിക്കുന്ന അദ്ദേഹത്തിന്റെ കല്പനയിൽ നിന്നെടുത്തതാണ്. പതിനേഴാം നൂററാണ്ടു മുതൽ ഇന്നുവരെ കേരളത്തിലെ യാക്കോബായ സഭയുടെ കത്തോലിക്കാ സഭയുമായുള്ള പുനരൈക്യത്തിനുള്ള ശ്രമം നടന്നിട്ടുണ്ട്. പല ഫലങ്ങളും ഉണ്ടായിട്ടുണ്ടെന്നുള്ളതും പ്രസ്താവ്യമാണല്ലൊ. എന്നാൽ ഈ ശ്രമങ്ങളെ പ്രതിരോധിച്ചവർ മുൻകാലങ്ങളിലുണ്ടായിരുന്നുവെങ്കിൽ അവർ ആരും തന്നെ 'കൂനൻകുരിശുസത്യഭംഗം' പുനരൈക്യത്തെ തടുക്കേണ്ടതാണെന്നു ശഠിച്ചതായി ഓൎക്കുന്നില്ല. ഇക്കാലത്തു പുനരൈക്യത്തിന്നുററു ശ്രമിക്കുന്ന മതാഭിമാനികൾ ധാരാളമുണ്ടെന്നുള്ളതു ചാരിതാൎത്ഥ്യജനകമാണ്. വിരോധികളു…

കുയുക്തികൾ ആ "മേനിക്ഷയപ്പെട്ട ചെറിയ കല്ലു"കളിൽ തട്ടി ഭസ്മീകരിക്കണമെന്ന് സകല മതാഭിമാനികളും സമുദായസ്നേഹികളും ഒരുപോലെ പ്രാൎത്ഥിക്കട്ടെ.

വി. സി ജോർജ്ജ്.

## കൊച്ചുത്രേസ്യായുടെ ഭക്തിതീഷ്ണത.

൧. "ഞാൻ ദാഹിക്കുന്നു" എന്നുള്ള മരണാസന്നനായ ഈശോയുടെ നിലവിളി എന്റെ കണ്ണുവപുടങ്ങളിൽ സദാ ധ്വനിച്ചുകൊണ്ടിരിക്കുന്നു. ഇന്നാൾവരെ ഗ്രഹിച്ചിട്ടില്ലാത്ത എന്തോ ഒരു ഭക്തിതീഷ്ണതയാൽ എന്റെ ഹൃദയത്തെ അതു ഉജ്ജ്വലിപ്പിക്കുകയും ചെയ്യുന്നു. എന്റെ പ്രിയന്നു കുടിപ്പാൻ കൊടുക്കുന്നതിന്നു ഞാൻ കാംക്ഷിക്കുന്നു; ആത്മങ്ങളുടെ ദാഹത്താൽ ഞാനും ലയിച്ചുപോകുന്നതായി എനിക്കു തോന്നി; എന്തെല്ലാം പൂജിക്കേണ്ടിവന്നാലും നിത്യാഗ്നിയുടെ ജ്വാലകളിൽനിന്നു അവരെ വിമുക്തരാക്കുവാൻ ഞാൻ ഒരുങ്ങിയിരിക്കുന്നു.

൨. ഞാൻ ഈശോയുടെ അമൂല്യ രക്തം ആത്മാവുകളുടെമേൽ ചൊരിഞ്ഞു അവയെ ഉത്തരോത്തരം വിശുദ്ധി വരുത്തി എന്റെ പ്രാണനാഥന്നു സമൎപ്പിക്കുന്നതിന്നു കരുതുന്നു. അതു എനിക്കു ദാഹശമനം വരുത്തുന്ന ഏക പാനീയമാണ്. എന്നാൽ എത്രമാത്രം ഞാൻ ഈശോയ്ക്കു കുടിപ്പാൻ കൊടുക്കുമൊ അത്രയും എന്റെ നിൎദ്ധനയാത്മാവു ദാഹത്താൽ എരിയുകയും ചെയ്യുന്നു. ഇതു എത്രയും കാംക്ഷിതമായ പ്രതിസമ്മാനമായി ഞാൻ കരുതിക്കൊള്ളുന്നു.

൩. പ്രവാചകന്മാരെയും വേദശാസ്ത്രികളെയുംപോലെ മനുഷ്യരെ സത്യജ്ഞാനം പഠിപ്പിക്കുന്നതിന്നു എത്രയൊ അഗ്രഹം എനിക്കുണ്ട്. ഓ, എന്റെ ആത്മ മണവാളാ! അങ്ങേ തിരുനാമം പ്രസംഗിച്ച് അങ്ങേ ശോഭനമായ സ്ലീവായെ അജ്ഞാന നാടുകളിൽ നാട്ടുന്നതിന്നായി ലോകമെങ്ങും പ്രയാണം ചെയ്യുന്നതിന്നുള്ള അത്യാശ എന്നിൽ സൎവ്വത്ര വ്യാപിച്ചിരിക്കുന്നു. എന്നാൽ ഒരു രാജ്യാതൃത്തികൾക്ക് എന്റെ അഗ്രഹത്തെ സംതൃപ്തിപ്പെടുത്തുവാൻ സാധിക്കുന്നതല്ല. ഭൂലോകമൊക്കെയിലും, എത്രയും വിദൂര ദ്വീപങ്ങളിൽ കൂടെയും ഒരേ സമയംതന്നെ സുവിശേഷം പ്രസംഗിപ്പാൻ ഭാഗ്യം സിദ്ധിച്ചെങ്കിൽ എത്രയൊ നന്നു! പ്രേഷിതയായി ജീവിപ്പാൻ ഞാൻ അഗ്രഹിക്കുന്നു. പക്ഷെ അതു ചുരുങ്ങിയ വൎഷങ്ങളെക്കു മാത്രമല്ല, പിന്നയൊ ലോകാരംഭം മുതൽ കാലാവസാനത്തോളം നീളിച്ചിരിപ്പാനാണ് എനിക്കുള്ള ഏകയാഗ്രഹം.

൪. എത്രയും പരാക്രമ കൃത്യങ്ങളെക്കൂടെയും ചെയ്യുന്നതിന്നു എനിക്കത്യാശയുണ്ട്. കുരിശുയുദ്ധത്തിലെ സൈന്യങ്ങൾക്കുണ്ടായിരുന്ന ധൈൎയ്യം എനിക്കു തോന്നുന്നു. തിരുസഭയുടെ ആദരവിന്നായി യുദ്ധംചെയ്തു പോൎക്കളത്തിൽ മുറിപ്പെട്ടു വീഴണമെങ്കിൽ അതു എന്റെ പരമ ആശയുടെ പൂൎത്തീകരണമായിരിക്കും.

൫. എന്റെ ഈശോയേ! നിന്റെ വിശുദ്ധന്മാരുടെ സൽക്രിയകളൊക്കെയും രേഖപ്പെടുത്തിയിരിക്കുന്ന ആയുസ്സിന്റെ പുസ്തകം ഒന്നു തുറന്നു കാണിക്കുക. ഏവംവിധങ്ങളായ പ്രവൃത്തികൾ ഞാനും നിനക്കായി ചെയ്യുന്നതിന്നു സൎവ്വാത്മനാ ശ്രമിക്കുന്നു.

൬. ആത്മാക്കൾ— ഹാ! ഈശോയെ, നമുക്കു ആത്മാക്കളെ നേടണം! എല്ലാത്തിലും പ്രധാനമായി പ്രേഷിതന്മാരും രക്തസാക്ഷികളും നമുക്കു ആവശ്യമാണ്. അവരെക്കൊണ്ടു നിൎഭാഗ്യ പാപികളുടെ കൂട്ടങ്ങളെ നിന്റെ നേൎക്കുള്ള സ്നേഹത്താൽ എരിയിക്കുന്നതിന്നു എളുപ്പമാണ്.

൭. സന്യാസ സഭകളുടെ നേരെ വേദവിരോധികൾ തിരിച്ചിരിക്കുന്ന യുദ്ധത്തിന്റെ അത്യുഗ്രതയെപ്പററി ശ്രേഷ്ഠത്തി

യമ്മ ഒരിക്കൽ കൂട്ടത്തിൽ പ്രസ്താവിക്കയുണ്ടായി. അപ്പോൾ കൊച്ചുത്രേസ്യാ ഒരു നവസന്യാസിനിയോടു "ഹാ, സഹോദരി, രക്തസാക്ഷികളുടെ കാലമാണ് നമുക്കു സിദ്ധിച്ചിരിക്കുന്നതു! രക്തപ്രവാഹമുണ്ടാകാതിരിക്കയില്ല. അതു നമ്മുടേതായിരുന്നെങ്കിൽ എത്രയൊ ഭാഗ്യം!" എന്നു പറഞ്ഞു.

൮. ഒരു ദിവസം അലക്കുപുരയിലേക്കു ഒരു നവസന്യാസിനി സാവധാനം നടന്നുപോയിരുന്നു. അവൾ തോട്ടത്തിൽക്കൂടി പുഷ്പങ്ങളെ നോക്കി മന്ദമായി നടക്കുന്നതുകണ്ടു കൊ ത്രേസ്യാ ധൃതഗതിയായി ചെന്നു "കുഞ്ഞുങ്ങളെ – ആത്മാക്കളെ – സംരക്ഷിക്കുന്നതിന്നു കടപ്പെട്ടിരിക്കുന്ന ഒരു മാതാവു ഇത്ര ശീഘ്രതയോടുകൂടെ നടന്നാൽ മതിയൊ?" എന്നു ചോദിക്കയുണ്ടായി.

൯. രോഗബാധിതയായിരിക്കയിൽ അവൾ ഈ വിധം എഴുതിവെച്ചു.— "എന്റെ ആകാംക്ഷയെല്ലാം നല്ല ദൈവത്തിന്റെ തിരുമനസ്സു ഒന്നു മാത്രമാണ്. സ്വർഗ്ഗത്തിൽ അവിടത്തെ മഹത്വം വദ്ധമാനമാക്കുന്നതിന്നായി യത്നിക്കുവാൻ സാധിക്കയില്ലെങ്കിൽ ഈ പാരദേശ്യവാസം ഞാൻ തിരിഞ്ഞെടുക്കുന്നു."

൰. സ്വർഗ്ഗഭവനത്തിൽ ചെന്നെത്തുവാനുള്ള അത്യാശ എന്നിൽ അങ്കുരിപ്പിക്കുന്നതു ന. കർത്താവിന്റെ ക്ഷണവും, ഞാനിത്രയേറെ ആഗ്രഹിച്ചിരുന്നപ്രകാരം തന്നെ സ്നേഹിക്കാമെന്നുള്ള പ്രത്യാശയും, നിത്യകാലം തന്നെ സ്തുതിക്കുവാൻ വേണ്ടി ഒരു വൃന്ദം ആത്മാക്കളിൽ ദിവ്യസ്നേഹം ഉജ്വലിപ്പിക്കാമെന്നുള്ള മോഹവുമല്ലാതെ വേറൊന്നുമല്ല.

൰൧. മോക്ഷത്തിൽ ജോലിയില്ലാതിരിപ്പാൻ ഇടവരികയില്ലെന്നു ഞാൻ പൂർണ്ണമായി ശരണപ്പെടുന്നു. അവിടെവെച്ചു തിരുസഭയ്ക്കും ആത്മാക്കൾക്കും വേണ്ടി പ്രയത്നിച്ചുകൊണ്ടിരിക്കണമെന്നാണ് എന്റെ അഭിലാഷം. ഇതിന്നായി ഞാൻ ദൈവത്തെ പ്രാർത്ഥിക്കുന്നു. അവിടുന്നു അതു സാധിച്ചുതരാതിരിക്കയില്ല. ലോകത്തിൽനിന്നു ഞാൻ വിരമിക്കുന്നുവെങ്കിൽ അതു ആശ്വാസപ്രിയം നിമിത്തമല്ല. ഇഹത്തിൽ പീഢകൾ എന്റെ സ്വർഗ്ഗമായി പരിണമിച്ചിട്ടു നാളുകൾ കുറെ അധികമായിരിക്കുന്നു. തന്നിമിത്തം സന്താപസ്പർശനമില്ലാത്ത ഒരു സ്വർഗ്ഗലോകത്തിലെ പരമാനന്ദം എനിക്കു അനുഭയോജ്യമായിരിക്കുമൊ എന്നു സംശയിക്കുന്നു. ഈശോ എന്റെ ആത്മാവിനെ പൂർണ്ണമായി രൂപാന്തരപ്പെടുത്തുകയില്ലെങ്കിൽ നിത്യഭാഗ്യത്തിലെ സൂര്യോദയം എനിക്കു സഹിക്കുവാൻ പാടാകയില്ല.

൰൨. ഏതോ ഒരു സംഗീതരാഗം ഇതാ എന്റെ ചെവിയിൽ എത്തുന്നു. അനുപമേയമായ ഗാനമാധുര്യം അനുഭവിക്കുന്നതിന്നു ഏറെ താമസിക്കേണ്ടിവരികയില്ലായെന്നു അതു എന്നെ അനുസ്മരിപ്പിക്കയും ചെയ്യുന്നു. ഏതാദൃശ ചിന്തകൾ ക്ഷണിക സന്തോഷം മാത്രമെ എന്നിൽ ഉളവാക്കുന്നുള്ളു. എന്റെ ഹൃദയം നിത്യസന്തോഷത്താൽ സ്ഫുരിക്കുന്നതിന്നിടയാക്കുന്ന ആശയം ഒന്നുമാത്രമാണ്. അതു എനിക്കു സ്വർഗ്ഗത്തിൽ ലഭ്യമാകുന്ന സ്നേഹവും അതിന്നവിടെ കാണിപ്പാൻ വശമാകുന്ന പ്രതിസ്നേഹവുമത്രെ. അപ്പോൾ എന്റെ ജീവനോദ്ദേശം— അതായതു നല്ല ദൈവത്തെ ഞാൻ സ്നേഹിക്കുന്നതുപോലെ അന്യരെക്കൊണ്ടും സ്നേഹിപ്പിക്കുകയും, അതിന്നുള്ള എന്റെ കൊച്ചുവഴി അവർക്കു സഫലമായി അറിയിച്ചുകൊടുക്കയും ചെയ്യുന്ന ജോലി ആരംഭിക്കുമെന്നു ഞാൻ വിശ്വസിക്കുന്നു. എന്റെ സ്വർഗ്ഗം ഭൂമിയിൽ നന്മകൾ പ്രദാനം ചെയ്യുന്നതിലടങ്ങിയിരിക്കും. സ്വർഗ്ഗദൂതന്മാർ ദൈവദർശനത്തെ പൂർണ്ണമായി അനുഭവിച്ചുകൊണ്ടു നമ്മുടെമേൽ കാവൽ കാക്കുന്നു എന്നോർക്കുമ്പോൾ ഇതൊട്ടും അസാദ്ധ്യമെന്നു പറഞ്ഞുകൂടാ. അതെ, ലോകത്തിന്റെ അവസാനം വന്നല്ലാതെ ഞാൻ ഒരിക്കലും വിശ്രമം എടുപ്പാൻ കരുതുന്നില്ല. "സമയം ഇനിയില്ല" എന്നു ദൈവദൂതൻ പ്രഖ്യാപനം ചെയ്യുമ്പോൾ ഞാൻ സമാധാനിക്കുകയും തിരിഞ്ഞെടുക്കപ്പെട്ടവരുടെ സംഖ്യ പൂർത്തിയായതറിഞ്ഞു സംപൂർണ്ണചിത്തയായി സന്തോഷിക്കയും ചെയ്യും.


ഫാദർ ജോൺ സി. ഡി.

# കർമ്മലനാഥയുടെ കുഞ്ഞുമക്കൾക്കു്.

## "ഇനിയും പാപം ചെയ്യുമോ?"

പ്രിയകുഞ്ഞുങ്ങളേ!

ഇന്നത്തെ ഇംഗ്ലീഷ്കാരെപ്പോലെ പുരാതനകാലത്തു ലോകമെല്ലാം അടച്ചുവാണിരുന്ന ഒരു ജാതിക്കാരായിരുന്നു റോമ്മാക്കാർ. ജൂലിയസ് കെയിസർ എന്ന ധീരയോദ്ധാവു റോമ്മാ സാമ്രാജ്യത്തിന്റെ അധിപതിയായിത്തീർന്നതിനോടെ അതിന്റെ പ്രാബല്യം പരിപൂർണ്ണമായിത്തീർന്നു. ചെയ്ത യുദ്ധങ്ങളെല്ലാം അയാൾ ജയിച്ചു; പ്രവേശിച്ച രാജ്യങ്ങളെല്ലാം അയാൾ കീഴടക്കി; റോമ്മാജനങ്ങളെന്നു തന്നെയല്ല ലോകം മുഴുവനും അയാളെ ഭയന്നു. ഇത്രയുമായപ്പോൾ, അദ്ദേഹത്തിന്റെ ആശ്രിതന്മാരായ ചില ദുഷ്ടബുദ്ധികൾ അസൂയകൊണ്ടു സഹിക്കവയ്യാതെ, അയാളെ നശിപ്പിക്കുന്നതിലേക്കു ഒരു കൂട്ടുകെട്ടുണ്ടാക്കി. ജൂലിയസ് കെയിസർ കച്ചേരി നടത്തിക്കൊണ്ടിരിക്കയിൽ ഈ ദുർബോധികൾ കടന്നുചെന്നു അയാളെ കഠിനമായി കുത്തി മുറിപ്പെടുത്തുകയും, തങ്ങൾ ചെയ്ത കൃത്യം സാമ്രാജ്യത്തിന്റെ നന്മയ്ക്കായിട്ടാണെന്നു ജനക്കൂട്ടത്തെ ഒരു വിധത്തിൽ പറഞ്ഞു ബോദ്ധ്യപ്പെടുത്തുകയും ചെയ്തു. പരേതനായ കെയ്സറിന്റെ സ്നേഹിതനായ മാർക്ക് അന്തോനി എന്നവൻ എതൃകക്ഷിയുടെ അനുമതിയോടുകൂടെ ഉടൻ പ്രസംഗപീഠത്തിൽ കയറി, റോമ്മാരാജ്യത്തിന്റെ പ്രാബല്യത്തിനും ജനങ്ങളുടെ ഗുണാഭിവൃദ്ധിക്കുംവേണ്ടി കെയിസർ ചെയ്തിട്ടുള്ള ശ്രമങ്ങളേയും, അനുഭവിച്ചിട്ടുള്ള ബുദ്ധിമുട്ടുകളേയും ജനസമൂഹത്തെ വർണ്ണിച്ചു കേൾപ്പിച്ചതിന്റെ ശേഷം, മുറിവേററു രക്തം പുരണ്ട അദ്ദേഹത്തിന്റെ വസ്ത്രത്തെ അവൎക്കു കാണിച്ചുകൊടുത്തു. ഈ കാഴ്ചയാൽ റോമ്മാജനം കോപവെറിപൂണ്ടു, പകരം വീഴ്ചചെയ്യുന്നതിനായി എരിഞ്ഞുകൊണ്ടു, കെയിസറിന്റെ ശത്രുക്കളുടെ നേരേ പായുകയും, കയ്യിൽ കിട്ടിയവരേ ക്രൂരമായി ഉപദ്രവിച്ചുകൊണ്ടും, കച്ചേരികളാദിയായ പൊതുസ്ഥാപനങ്ങൾക്കു തീവച്ചുകൊണ്ടും ശത്രുക്കളുടെ നേർക്കുള്ള ക്രോധവും, കെയിസറിന്റെ നേർക്കുള്ള സ്നേഹവും പ്രത്യക്ഷമാക്കുകയും ചെയ്തുവെന്നും റോമാചരിത്രത്തിൽ പ്രസ്താവിക്കപ്പെട്ടിരിക്കുന്നു.




ഇതാ ഞാനിപ്പോൾ നിങ്ങളെ ഇവിടെ കാണിക്കുന്നതു മൃതനായ ഒരു കെയിസറിനേയോ, രക്തമണിഞ്ഞ അയാളുടെ വസ്ത്രത്തെയോ അല്ല. നോക്കുവിൻ! നിങ്ങളുടെ ദൃഷ്ടികളേ കുരിശിലേക്കു ഉയർത്തുവിൻ! സർവ്വാംഗം മുറിവു നിറഞ്ഞു്, ഇത്ര മഹാ ഭയങ്കര മരണം അനുഭവിച്ചു കിടക്കുന്ന ഈയാൾ ആരായിരിക്കുന്നു? കാണാതെപോയ കുഞ്ഞാടായ എന്നെത്തേടി വന്ന നല്ല ഇടയനല്ലയോ ഇതു്? നിത്യനരകത്തിനു അടിമയായിത്തീർന്ന എന്നെ വീണ്ടു രക്ഷിക്കുന്നതിനു വന്ന ദിവ്യരക്ഷനാഥനല്ലയോ ഇതു്? ഹാ! എന്റെ സ്നേഹമേ! നിന്നെ

ഈ സ്ഥിതിയിൽ ആക്കിയ ദുഷ്ടനാരാകുന്നു? തിരുകാല്കളും കരങ്ങളും ഇരുമ്പാണികളാൽ ക്രൂരമായി തറയ്ക്കപ്പെട്ടിരിക്കുന്നു. തിരുദേഹമാസകലം മുറിവല്ലാതെ യാതൊന്നും കാണ്മാനില്ലല്ലൊ. തിരുത്തലയിൽ മുൾമുടി എത്രയോ ആഴമായി തള്ളിയിറക്കിയിരിക്കുന്നു! കെയിസറിന്റെ രക്തംപുരണ്ട വസ്ത്രത്തെ കണ്ടപ്പോൾ റോമ്മാ ജനസഞ്ചയം പകരം വീട്ടുവായി മുതിന്നതിൽ എത്രയോ മടങ്ങു അധികം തീക്ഷ്ണതയോടെ നാമിപ്പോൾ നമ്മുടെ ദിവ്യരക്ഷകനേ ഈ വിധത്തിലാക്കിത്തീർത്ത ദുഷ്കർമ്മികളെ തേടേണ്ടതാകുന്നു!

ആകയാൽ ആരാകുന്നു ഈ ക്രൂരകൃത്യം ചെയ്തതു്? ഇതാ ദീർഘദർശി ഉത്തരം പറയുന്നു. "നമ്മുടെ പാപങ്ങൾ നിമിത്തം അങ്ങുന്നു കൊല്ലപ്പെട്ടു; നമ്മുടെ ദുഷ്കൃത്യങ്ങൾക്കായി അവിടുന്നു മുറിവേല്പിക്കപ്പെട്ടു." അതേ പ്രിയ കുഞ്ഞുങ്ങളേ! നമ്മുടെ സ്നേഹം നിറഞ്ഞ രക്ഷനാഥനേ ഈ പ്രലാപകരസ്ഥിതിയിലാക്കിയതു നമ്മുടെ പാപങ്ങൾ തന്നേയാകുന്നു. നമ്മുടെ അശുദ്ധ വിചാരങ്ങളും ദുഷ്ടനോട്ടങ്ങളുമത്രേ തന്റെ തിരുത്തലയിലേ ആ മുൾമുടി തല്ലിത്തറച്ചതു്. നമ്മുടെ കൈകളെ ദൈവപ്രമാണത്തിനു പ്രതികൂലമായി ഉപയോഗിച്ചതിനാലാകുന്നു മൂർച്ചയേറിയ ആ ആണികൾ തന്റെ ദിവ്യകരങ്ങളിൽ പതിപ്പാനിടയായതു്. തന്റെ തിരുമേനിയിൽ കാണപ്പെടുന്ന ഈ മുറിവുകൾക്കെല്ലാം കാരണം, നമ്മുടെ ദുഷ്ടശരീരത്തിനു നാം കൊടുക്കുന്ന അതിരുകടന്ന സ്വാതന്ത്ര്യങ്ങളല്ലാതെ മറ്റൊന്നുമല്ല. അതിനാൽ പാപമാകുന്നു ഇതിനെല്ലാം ഹേതുവായിത്തീർന്നിരിക്കുന്നതു്. അതിനാൽ പാപത്തോടു നാം പകരം വീട്ടുവാൻ പുറപ്പെടേണ്ടിയിരിക്കുന്നു. എന്റെ കർത്താവിനേ ഇപ്രകാരം പാടുപെടുത്തിയ ആ പാപങ്ങളേ— പാപത്തിനുടുത്ത ആ ആളുകളേ— ആ സ്ഥലങ്ങളേ— അവസരങ്ങളെ— എല്ലാം ഞാൻ വെറുത്തുപേക്ഷിക്കുന്നു. ഇനി, ഡൊമ്മിനിക്കു സാവ്യോ എന്ന പരിശുദ്ധ ബാലൻ പറഞ്ഞു വന്നിരുന്നതുപോലെ— Death rather than sin— പാപം ചെയ്യുന്നതിനേക്കാൾ മരിപ്പാൻ ഞാനുറച്ചിരിക്കുന്നു.

ഹാ! എന്റെ ആത്മാവേ! എന്തിനായിട്ടു നീ സൃഷ്ടിക്കപ്പെട്ടിരിക്കുന്നുവെന്നും, ആ അന്ത്യം പ്രാപിക്കാതെ നീ എന്തെല്ലാം ചെയ്താലും യാതൊരു പ്രയോജനവുമില്ലെന്നും നീ മനസ്സിലാക്കി. നിത്യഭാഗ്യത്തിൽ നിന്നു നിന്നെ അകററി, ദുർമ്മരണവും ഭയങ്കരവിധിയും നിർഭാഗ്യനരകവും നിനക്കു വരുത്തിവയ്ക്കുന്നതും എല്ലാം പാപം മാത്രമാകുന്നു. അതേ നിന്റെ രക്ഷിതാവിന്റെ പാടുകൾക്കെല്ലാ കാരണമായിത്തീർന്ന ആ പാപം തന്നെ നിനക്കു എത്ര വലിയ നിത്യശിക്ഷയ്ക്കും ഇടയാക്കുന്നുവെന്നു ഓർത്തുനോക്കുക. അയ്യോ! ഇനി ഇത്ര ബുദ്ധിയില്ലാത്തവനായി ജീവിക്കുന്നതിനു ഞാനൊരുനാളും തുനിയുന്നതല്ല. എന്റെ ഈശോയേ! എന്റെ സ്നേഹമേ! എന്റെ കണ്ണുകളെ നീ തെളിയിച്ചരുൾക. ഇതേവരെ ദൈവദ്രോഹിയായി ഞാൻ ജീവിച്ചുപോയി. എത്രയധികം നിന്നെ ദ്രോഹിച്ചോ, അത്രയ്ക്കു നിന്നെ സ്നേഹിച്ചുകൊണ്ടു മേലിൽ ജീവിപ്പാൻ ഞാനുറച്ചിരിക്കുന്നു. പരിശുദ്ധ വ്യാകുലമാതാവേ! എന്റെ അമ്മേ! നിന്റെ തിരുക്കുമാരന്റെ പങ്കപ്പാടും കുരിശുമരണവും എന്റെ ഹൃദയത്തിൽ പതിച്ചരുളണമെ! സകല മാലാഖാമാരേ! സകല പുണ്യവാന്മാരെ! എന്റെ ഈശോയുടെ തിരുമുറിവുകളിൽ മേലാൽ ഞാൻ ജീവിപ്പാനും, അതിൽ ഞാൻ മരിപ്പാനും വേണ്ട മനോഗുണം നിങ്ങൾ എനിക്കുവേണ്ടി അപേക്ഷിച്ചു തരണമെ. ലോകത്തിന്റെ മായങ്ങളിൽ നിന്നും പിശാചിന്റെ പരീക്ഷകളിൽനിന്നും ശരീരത്തിന്റെ തന്ത്രങ്ങളിൽ നിന്നും രക്ഷപെടുന്നതിനു പങ്കപ്പാടിന്റെ ഓർമ്മ എനിക്കു നിശ്ചയമുള്ള മാർഗ്ഗമായിരിക്കട്ടെ! ഈ ലോക പ്രയാണത്തിലെ കുരിശുകളെയെല്ലാം ധൈര്യത്തോടും ക്ഷമയോടും സഹിക്കുന്നതിനു എനിക്കുള്ള ഔഷധവും അതു തന്നെ ആയിരിക്കട്ടെ! എന്റെ ഈശോ എനിക്കു വേണ്ടിയാണു മരിച്ചതു്. തന്റെ തിരുമരണം ഞാൻ വ്യർത്ഥമാക്കികളയുമോ? ഈശോയോടുകൂടി ഞാൻ മരിക്കുമെങ്കിൽ തന്നോടുകൂടി ഞാൻ ഉയിർക്കുകയും ചെയ്യും. എന്റെ തന്നിഷ്ടങ്ങൾക്കനുസരിച്ചു ഇപ്പോൾ ഞാൻ ജീവിച്ചാ

ൽ നിത്യകാലത്തേക്ക തന്നിൽ നിന്ന ഞാൻ അകന്ന പോകും. ആകയാൽ ഇനി ഞാനല്ല ജീവിക്കുന്നത്: മ്ശിഹാ എന്നിൽ ജീവിക്കുന്നു. മ്ശിഹായോടുകൂടെ കുരിശിൽ തറയ്ക്കപ്പെട്ടവനായി ഞാൻ ജീവിക്കും. ലോകമല്ല എന്നിൽ ജീവിക്കുന്നതു: പിശാചല്ല എന്നിൽ ജീവിക്കുന്നതു്; ശരീരദുരാശാപാശങ്ങളല്ല. കുരിശിൽതറക്കപ്പെട്ട മ്ശിഹാ മാത്രം എന്നിൽ ജീവിക്കട്ടെ. ആമ്മേൻ.

സ്വന്തം കൊച്ചച്ചൻ.

## "മിറാംബായി." (ഒരു കഥ)

വടക്കെ ഇൻഡ്യയിലെ ഒരു ഗവർമ്മെൻറാസ്പത്രിയിൽ പതിവുപോലെ അവിടെ വന്നുകൂടിയിരുന്ന രോഗികളെ സ്വീകരിക്കയും, പിരിച്ചയക്കയും ചെയ്യുന്ന ജോലിയിൽ, അവിടത്തെ ഒരു ഡോക്ടർ ബദ്ധശ്രദ്ധനായിരിക്കയായിരുന്നു. അപ്പോൾ അവിടേക്ക് കയറിവന്ന ഒരു സ്ത്രീയോട്, നിങ്ങളുടെ പേരെന്താണെന്ന് ഡോക്ടർ നാട്ടുഭാഷയിൽ ചോദിച്ചു. മേരിഫോർഡ് എന്നവൾ ഉത്തരം പറഞ്ഞു. പ്രസ്തുത പേരു കേട്ടിട്ടുണ്ടായ അതിശയത്താൽ അയാൾ ആ സ്ത്രീയെ പ്രത്യേകം ഒന്ന ശ്രദ്ധിച്ചുനോക്കി. എന്തുകൊണ്ടെന്നാൽ യൂറോപ്യന്മാരായ സ്ത്രീപുരുഷന്മാരിൽ ആരും അവിടെ താമസിച്ചു ചികിത്സിപ്പിക്കുന്നതിനായി അതുവരെ വരികയുണ്ടായിട്ടില്ല. തൽക്ഷണം അയാൾ അവളുടെ പേരു മുതലായവ രജിസ്റ്ററിൽ ചേർക്കുവാൻ തുടങ്ങി.

നിങ്ങളുടെ മതം ഏതാണ്?

റോമൻ കത്തോലിക്ക്.

നിങ്ങളുടെ ജോലി?

ഞാൻ ഒരു ആയയാണ്.

സുഖക്കേടു തുടങ്ങിയിട്ട് എത്ര നാളായി?

ഒരാഴ്ച കഴിഞ്ഞു.

സുഖക്കേട് എന്താണ്? ഉടനെ തുണികൊണ്ട് ചുററികെട്ടിയിരുന്ന അവളുടെ കൈകെട്ടഴിച്ച് നീട്ടികാണിച്ചുകൊടുത്തു. കലശലായ പഴുപ്പും, നീരുംകൊണ്ട് മിക്കവാറും അപകടമായ നിലയിൽ എത്തിയിരുന്ന അവളുടെ കൈ കണ്ടയുടനെ "നിങ്ങൾ എന്താണ് ഇത്രവിവേകമില്ലാതെ പ്രവർത്തിച്ചത്? എത്രയൊനേരത്തെ ഇവിടെ വരേണ്ടതായിരുന്നു?" എന്ന അല്പം ഈർഷ്യാസ്വരത്തിൽ ഡോക്ടർ ചോദ്യംചെയ്തു.

"രക്തം ആകപ്പാടെ ദുഷിച്ച് വിഷമയമായിപ്പോയിരിക്കുമെന്ന് എനിക്ക തോന്നുന്നു" എന്ന മാത്രം മിസ്സ് ഫോർഡ് ഇതിനു സമാധാനം പറഞ്ഞു.

"താമസത്തിനുള്ള ചെലവുകൾ വഹിക്കത്തക്ക പണശ്ശേഷി നിങ്ങൾക്കുണ്ടോ?" എന്ന് ഡോക്ടർ വീണ്ടും ചോദിച്ചു.

"ഇല്ലാ" എന്ന് ലജ്ജാപാരവശ്യത്തോടെ ആ സാധു സ്ത്രീ ഉത്തരം പറഞ്ഞു.

"നിങ്ങൾക്ക് വളരെ വേദനയുണ്ടായിരിക്കും? അതിനാൽ കഴിയുന്നതും വേഗത്തിൽ കിടക്കുന്നതാണ് നല്ലതു്. ഇവിടത്തെ പ്രധാന ഡോക്ടർ അദ്ദേഹത്തിൻെറ പതിവനുസരിച്ച് രോഗികളെ സന്ദർശിക്കുന്ന അവസരത്തിൽ നിങ്ങളേയും അദ്ദേഹം വന്നുകാണുന്നതാണ്." ഇത്രയും പറഞ്ഞതിൻെറ ശേഷം അയാൾ എഴുന്നേററ് ശസ്ത്രക്രിയ നടത്തുന്ന മുറിയിലേക്ക് ആ സ്ത്രീയെ കൂട്ടിക്കൊണ്ടുപോയി അവിടത്തെ രോഗശുശ്രൂഷിണിയെ ഏല്പിച്ചു.

സ്കോട്ട്ലണ്ടുകാരനായ ഒന്നാം ഡോക്ടർ അദ്ദേഹത്തിൻെറ പതിവനുസരിച്ച് രോഗികളെ സന്ദർശിച്ചുപോകുന്ന അവസരത്തിൽ നമ്മുടെ പുതിയ ദീനക്കാരിയുടെ അടുക്കൽ ചെന്നുകൊണ്ട്, "മിസ്സ് ഫോർഡ്! നിങ്ങളുടെ കൈക്ക് തീരെ സുഖമില്ലെന്നു തോന്നുന്നല്ലൊ; ഞങ്ങൾ എത്രയെല്ലാം ശ്രമിച്ചാലും, പഴുപ്പു മേല്പട്ടും വ്യാപിക്കയാണെങ്കിൽ ഉണ്ടായേക്കാവുന്ന അനുഭവം നിങ്ങൾക്കുതന്നെ അറിയാമല്ലൊ? നാളത്തേക്ക പറയത്തക്ക ഗുണമൊന്നും കാണാത്തപക്ഷം നിങ്ങളു

ടെ കൈ ഛേദിച്ചുകളയുകതന്നെ വേണ്ടിവരും. അല്ലാതെ രക്ഷക്കിതരമാൎഗ്ഗമുണ്ടെന്നു തോന്നുന്നില്ല. അതിനാൽ, ആ കാൎയ്യത്തെപ്പററി നിങ്ങൾ നന്നായി ആലോചിച്ചുനോക്കുക!" എന്നുപറഞ്ഞു് അദ്ദേഹം പോയി.

അവളുടെ കണ്ണുകൾ അശ്രുപൂൎണ്ണങ്ങളായി. സൎവാംഗവും ഒരു ശൂലരച്ച വ്യാപിച്ചതുപോലെ അവൾക്കു തോന്നി. നിസ്സഹായയായ അവളുടെ കൈ ഛേദിച്ചുപോയാൽ അവളുടെ പിന്നീടുള്ള സ്ഥിതി എന്താകുമെന്നായിരുന്നു ആ സാധുവിൻെറ വിചാരം. അവൾ കത്തോലിക്കസഭയിൽ ചേൎന്നിട്ടു അധികനാളായിരുന്നില്ല എങ്കിലും പ്രസ്തുത സഭയിൽ തന്നെ പിറന്നു വളൎന്ന സ്ത്രീരത്നങ്ങളെപ്പോലും അതിശയിക്കത്തക്ക ഭക്തിയും, വിശ്വാസവും, എരിവും അവളിൽ മൂൎത്തീകരിച്ചിരുന്നു. ദൈവം അവളോടു ആവശ്യപ്പെട്ടിരുന്ന ഈ "ബലിയെ" അനുഷ്ഠിക്കുന്നതിലേക്കു വേണ്ട മനോധൈൎയ്യം പ്രാപിക്കുന്നതിനായി അവൾ ഭക്തിപുരസ്സരം സദാ പ്രാൎത്ഥിച്ചുകൊണ്ടുവന്നു.

പലപ്പോഴും ആസ്പത്രി സന്ദൎശിക്കുക പതിവായിരുന്ന ഫാദർ വേഗാസ് ഒരു ദിവസം അവളുടെ മുറിയിൽ കയറിച്ചെന്നു്, "ഗുഡ് മോൎണിംഗ് മിസ്സ് ഫോൎഡ് നിങ്ങൾക്കു എങ്ങനെയിരിക്കുന്നു"? എന്നു ചോദിച്ചു.

"ഓ! എൻെറ അച്ചാ! ഡോക്ടർ പറയുന്നതു് എൻെറ ദീനം വൎദ്ധിച്ചുതന്നെ വരുന്നുവെന്നും നിവൃത്തിയില്ലാത്ത പക്ഷം കൈ ഛേദിച്ചു കളയണമെന്നുമാണ്. അവർ അങ്ങിനെ ചെയ്യുകയാണെങ്കിൽ ഞാൻ എന്തു ചെയ്യും? എൻെറ പരമാൎത്ഥാവസ്ഥ അച്ചനറിയാമല്ലൊ. എൻെറ കൈ നഷ്ടപ്പെട്ടുപോകയാണെങ്കിൽ ഞാൻ പട്ടിണി ആയിപ്പോകുമെന്നുള്ളതും തീൎച്ചതന്നെയല്ലൊ!" എന്നു് അവൾ സങ്കടത്തോടെ പറഞ്ഞു. അവളുടെ മനഃക്ഷോഭം അടങ്ങുന്നതുവരെയും അദ്ദേഹം മൌനമായിതന്നെ നിന്നിരുന്നു. അനന്തരം ഡോക്ടർ എന്നാണ് ശസ്ത്രക്രിയക്കായി വരുന്നതു് എന്നു ചോദിച്ചു.

"പഴുപ്പു വൎദ്ധിക്കയാണെങ്കിൽ നാളെത്തന്നെ കൈ ഛേദിക്കണമെന്നാണ് പറഞ്ഞിരിക്കുന്നതു്.

"നിങ്ങളുടെ സമ്മതം കൂടാതെ അവൎക്കു ശസ്ത്രക്രിയ നടത്താൻ പാടില്ല. അതിനാൽ നാളെ രാവിലെ ഗുണമൊന്നും കണ്ടില്ലെങ്കിലും സ്വല്പംകൂടി കഴിഞ്ഞിട്ടു ശസ്ത്രക്രിയ നടത്തിയാൽ മതിയെന്നു നിങ്ങൾക്കു അപേക്ഷിക്കരുതോ".

"ഇത്രയും താമസം വരുത്തിയതുകൊണ്ടുതന്നെ ഡോക്ടർ എന്നോടു കോപിച്ചിരിക്കയാണ്. നേരത്തെ സമ്മതിച്ചിരുന്നെങ്കിൽ കൈ മുഴുവനും മുറിക്കേണ്ടി വരികയില്ലായിരുന്നു. താമസിച്ചതിനാൽ മുഴുവനുംതന്നെ ഛേദിക്കേണ്ടതായി വരും".

"ഏതായാലും ഒരു മൂന്നു ദിവസത്തെ അവധി ചോദിക്കുക. ഞാൻ അതിനിടയിൽ ലൂൎദ്ദുമാതാവിൻെറ അത്ഭുത ഓലിയിലെ വെള്ളം കുറെ കൊണ്ടുവരുന്നതാം. അതു പതിവായി ഉപയോഗിക്കുക. മാതാവിൻെറപേരിൽ നല്ല ഉറപ്പുള്ള വിശ്വാസമുണ്ടായിരിക്കണം. ഈ മൂന്നു ദിവസവും ഞാൻ എൻെറ പൂജയിൽ നിങ്ങൾക്കുവേണ്ടി പ്രത്യേകം അപേക്ഷിക്കയും ചെയ്യാം. ഇതുകൊണ്ടു ഫലമുണ്ടായില്ലെങ്കിൽ ദൈവേഷ്ടമെന്നു കരുതി ഡോക്ടരുടെ നിശ്ചയമനുസരിച്ചു പ്രവൎത്തിപ്പാൻ സമ്മതിച്ചുകൊള്ളുക" എന്നു പറഞ്ഞു് അദ്ദേഹം പോയി.

അടുത്തദിവസം രാവിലെ ഡോക്ടർ വന്നു് അവളുടെ കൈ പരിശോധിച്ചതിൻെറ ശേഷം പറയുന്നു; "ഒരു കുറവും കാണുന്നില്ല. ഞാൻ നിങ്ങളെപ്പററി അത്യന്തം വ്യസനിക്കുന്നു. എന്നാൽ ഇപ്പോൾ ഒരവസാനതീൎച്ച ചെയ്യേണ്ടതായിരിക്കുന്നു. ശസ്ത്രക്രിയ നടത്തുന്നതിനു നിങ്ങൾ അനുവദിക്കുമോ? ഇതൊഴികെ യാതൊരു മാൎഗ്ഗവും ഇല്ല. ഇനിയും താമസിച്ചാൽ കാൎയ്യം അത്യന്തം അപകടമായിത്തീരും".

അപ്പോൾ ആ രോഗിണി അവളുടെ വ്യസനപാരവശ്യത്താൽ ഉണ്ടായ വിളറിയ മുഖഭാവത്തോടെ "എൻെറ കൈ പോയാൽ പിന്നീടുള്ള എൻെറ സ്ഥിതി എന്തായിരിക്കുമെന്നു നിങ്ങൾ ദയവായി ആലോചിക്കുന്നില്ല. കുറേദിവസത്തേക്കെങ്കിലും സ്വല്പം ക്ഷമിക്കരുതോ? കുറ

ഞ്ഞപക്ഷം ഒരു മൂ ദിവസത്തേക്കെങ്കിലും അവധി തരണം" എന്നു പറഞ്ഞു.

'മൂന്നു ദിവസമോ?' എന്ന് അദ്ദേഹം ആശ്ചര്യത്തോടെ ചോദിച്ചു. "മിസ്സ് ഫോർഡ്! വളരെ നേരത്തേ ഇതു നടത്തേണ്ടതായിരുന്നു. നിങ്ങളെ നിബന്ധിച്ചു ശസ്ത്രക്രിയ നടത്താൻ എനിക്കു പാടില്ലെല്ലെന്നു നിങ്ങൾക്കറിയാമല്ലൊ. എൻെറ അഭിപ്രായം ഞാൻ തുറന്നു പറഞ്ഞുകൊള്ളട്ടെ. മൂന്നുദിവസം നീട്ടുകയെന്നതു നിങ്ങളുടെ ജീവനെ നിങ്ങൾ അപകടത്തിലാക്കുകയാണ്. ഒരു സ്നേഹിതൻെറ നിലയിൽ, അതു തൽക്ഷണം നടത്തണമെന്നാണു ഞാൻ പറയുന്നത്".

"എൻെറ ഡോക്ടറേ! എന്താണു ചെയ്യേണ്ടതെന്ന് എനിക്കിതേവരെ ഒരു റപ്പു വരുന്നില്ല. അതിനാൽ മൂന്നുദിവസത്തേക്കുകൂടി ഒരവധി തരണം. ഞാൻ ഇപ്രകാരം നിബന്ധിക്കുന്നതിൽ അവിടുത്തേക്ക് എൻെറ പേരിൽ അതൃപ്തി തോന്നരുതെ!"

ഡോക്ടർ അല്പം പരുഷമായി, "നിങ്ങളുടെ മനസ്സുപോലെ തന്നെ ആവട്ടെ. ഫലാഫലത്തെപ്പററിയുള്ള ഉത്തരവാദിത്വവും നിങ്ങൾക്കുതന്നെ; ഞങ്ങൾക്കല്ല." എന്നു പറഞ്ഞ് തൻെറ അനുചരന്മാരോടുകൂടി കടന്നുപോയി. "അവൾ ഒരു ദുശാഠ്യക്കാരിയായ സ്ത്രീയാണ്. നല്ല പരിചയം വന്ന ഒരായയായിരുന്നിട്ടും അവൾക്കിത്രമാത്രം ബുദ്ധിഹീനത വന്നുപോയതെങ്ങിനെയാണ്" എന്ന് അദ്ദേഹം കടന്നുപോയ അവസരത്തിൽ തൻെറ കൂട്ടുകാരോടു പറകയുണ്ടായി.

(തുടരും) ഫാദർ മർസ്സലിൻ, സി. ഡി.

## മരിച്ചവരുടെ വിലാപം.

പ്രേമംപൂണ്ടഭിലാഷമേതുമനിശം സാധിച്ചു സല്പാത്മനാ
ക്ഷേമംചേർത്തു വളർത്തിവന്നസുത ഞാൻ ശുദ്ധീകരത്തീയിലായ്
ഹാ! മൽത്താത തപിക്കയാണു തുണചെയ്യെന്നെൻ മരിച്ചോരു പൊ-
ന്നോമൽപുത്രി കരഞ്ഞിരക്കുവതുപോൽ കാതിൽ ധ്വനിക്കുന്നതേ.

കട്ടക്കയത്തിൽ ചെറിയാൻമാപ്പിള.

ലോകമായയുടെ വഞ്ചകത്വമറിയാതെ ഞങ്ങൾ ചതിപെട്ടിതാ
ശോകമേററു വലയുന്നു, വന്ദ്യ സഹജാതരേ! കരുണതോന്നണേ!!
നാകമാർഗ്ഗമണവാനൊരാശ്രയമിവർക്കു നിങ്ങളുടെ നന്മന-
സ്സേകമേ കരുതിടാനിരിപ്പു ജഗദീശസൽകൃപസമന്വിതം

ഏണേക്കാട്ടു യൗസേപ്പു കത്തനാർ.

പൊല്ലാപ്പിൻ ശിക്ഷയായിക്കൊടിയദഹനനിൽ പ്പെട്ടിതാ ഞങ്ങളയ്യോ
ചൊല്ലാവല്ലാത്തവണ്ണം വിവിധരുജസഹിച്ചാർത്തരായ് മേവിടുന്നു
തെല്ലാശ്വാസം ലഭിപ്പാൻ തനയസഹജരേ കെഞ്ചുവിൻ യേശുവോടെ-
ന്നെല്ലാം ശുദ്ധീകരിക്കും സ്ഥലമതിലുഴലുന്നോരരക്കുന്നു നിത്യം.

കട്ടക്കയത്തിൽ തൊമ്മൻമാപ്പിള.

ലോകം വിട്ടു പിരിഞ്ഞ പിമ്പനെട്ടുനാൾ 'ശുദ്ധീകരത്തീയ'തിൽ
ശോകത്തിന്നിരയായ് നിരാശ്രയമഹോ കഷ്ടപ്പെട്ടും ഞങ്ങളിൽ
പാകത്തിൽ കൃപതോന്നണേ! മനുജരേ! "കുർബ്ബാന" തൊട്ടുള്ളതാം
സൽകർമ്മങ്ങൾ നടത്തി വേഗമിവരേ സ്വർഗ്ഗത്തിലെത്തിക്കണേ!

ക്രൂക്കമററം സ്കറിയാ ഡീക്കൻ.

ദൈവ നീതിയതാം കരങ്ങളിവൻെറ മേൽനിപതിക്കയാ-
ലേവമിങ്ങു കഠോര പാവകഹേതിയേററു പൊരിഞ്ഞു ഞാൻ-
ഹാ! വിശിഷ്ടസഖാക്കളെ ബത! നിങ്ങളെങ്കിലുമെൻെറ മേൽ
നവ്യമാമൊരനുഗ്രഹം പൊഴിയിക്കണേ! കരുണാർദ്രരായ്.

പുതുപ്പറമ്പിൽ അബ്രാഹം ശമ്മാശ്.

ദൈവത്തിൻ കോപതാപാലനവരതമെരിഞ്ഞിങ്ങുപൊങ്ങിടുന്നഗ്ന്യ-
ന്നീ മഹനിക്കുള്ളിലയ്യോ! വിറകിനു സമമായ് ഹന്ത! വെന്താകമാനം
ജീവൻ ഹാ! ഭസ്മമാകുന്നിവരുടെ ദുരിതം മർത്ത്യരേ! തീൎന്നു മോക്ഷം
കൈവന്നീടാനിരന്നീടുക പരനൊടു; മററാരു ഞങ്ങൾക്കു താങ്ങൽ?

റവ: ജോസഫ് കല്ലിങ്ങൽ.

വൎണ്ണംകൂട്ടുവതിന്നു മൂശയിൽ വറുത്തീടുന്ന മാററേറതാം
സ്വൎണ്ണംപോലെ തപിച്ചിടുന്നു മൃത ഞാൻ ശുദ്ധീകരത്തീയതിൽ
കൎണ്ണത്തിങ്കലിവണ്ണമെൻ ഭഗിനി കേഴുംപോൽ മുഴങ്ങുന്നിത-
ഭ്യൎണ്ണത്തിൽ കൃപപൂണ്ടു വേഗമവളെ ശ്രീയേശു ചേൎത്തീടണം.

കട്ടക്കയത്തിൽ സി. ജോൺ.

"നോകുന്നു ഹൃദയം കഠോരദുരിതത്തീയിൽ, വപുസ്സോ സദാ
വേകുന്നു വിറകെന്നപോൽ ശരണമെന്തയ്യോ! കുഴങ്ങുന്നു ഞാൻ
തൂകുന്നു ശരമാരിപോലരിഗണം താപം, ദയാപൂൎവ്വ മി-
ന്നാകുമ്പോൽ തുണ ചെയ്യുവിൻ സഹജരേ!" കേഴുന്നിവണ്ണം മൃതൻ!!

മുകളയിൽ ജോസഫ് വാദ്ധ്യാർ നീണ്ടൂർ.

"ഹാ! ഹാ! ബന്ധുജനങ്ങളേ! തനയരേ! "ശുദ്ധീകരത്തിൽ" സദാ
സംഹാരാഗ്നി കണങ്ങളാലെരിപൊരിക്കൊള്ളുന്നൊരീ ഞങ്ങളേ
സ്നേഹാലോൎത്തു ജപിയ്ക്കുകെന്നു" വിലപിച്ചോതും മരിച്ചോൎക്കു നാം
സാഹായ്യങ്ങളിയറേണേ!! കരുണയാ ദൈവം തുണച്ചീടണേ!!!

അതിരമ്പുഴ സി. എം. ദേവസ്യാ.

തീയോ ദുസ്സഹമൊന്നുകൊണ്ടുമൊരുതെല്ലാശ്വാസമില്ലീയിവ-
ന്നയ്യോ! മൽസുതരേ! സുഖത്തൊടമരും ബന്ധുക്കളേ! കൂട്ടരേ!
കൂറെന്നിൽക്കലരേണമേ,യവശനായ് ഞാനെന്നു, 'ശുദ്ധീകര-
പ്പാറാവിൽ' ദയനീയരോദനമിദം കേൾക്കുന്നിതാ ലോകരേ!

ററി. കെ. വക്കി, ചേൎത്തല.

"സ്വേച്ഛപോൽ വിഹരിച്ചു രക്ഷകശാസനം നിരസിക്കയാൽ
ഉച്ചമല്ലിഹ ഞങ്ങളിന്നു സഹിച്ചിടുന്ന ദുരാതപം"
വച്ചമായ് മമ വാക്കനീകരുതൊല്ല മാമക സോദരാ
നിശ്ചയിക്കുക ദൈവകല്പന കൃത്യമായ് നിറവേററുവാൻ.

പ്ലാക്കിയിൽ ജോൺവാദ്ധ്യാർ.

അയ്യോ മൽസുത! നിൻെറ താതനിവിടെത്തീച്ചൂളയിൽസ്സന്തതം
വെന്തീമട്ടുകരഞ്ഞിടുന്നതുമറിഞ്ഞുംകൊണ്ടു നീയെങ്ങനെ
സന്തോഷിച്ചു സുഖിച്ചുഭൂവിലമരുന്നെന്നെക്കുറിച്ചൊന്നുമേ
ചെയ്യാനുള്ളൊരു ചിന്തപോലുമകമേ തോന്നാത്തതെന്തോമനേ!

പി. എം. ജോർജ് മാന്നാനം.

ഡിസംബർ- "പുൽക്കൂട്ടവൎണ്ണനം."

---

ദിവ്യകാരുണ്യകീൎത്തനങ്ങൾ- 'കർമ്മലകുസുമ ഗ്രന്ഥാവലി'. എട്ടാംപുസ്തകം, ഫാദർ സൈമൺ സി. ഡി. എഴുതിയതു്. ഈമാസത്തിൽ പ്രസിദ്ധപ്പെടുത്തും.



## തിരുഹൃദയ ഭക്തന്മാർ ൧൧൦൧ വൃശ്ചികമാസത്തിൽ വെക്കേണ്ട പൊതു നിയോഗം.

"കുട്ടികളുടെ ദിവ്യകാരുണ്യ സ്വീകരണം സംബന്ധിച്ചുള്ള തിരുവെഴുത്തു നന്നായി മനസ്സിലാക്കി നടപ്പിൽ വരുത്തുക."

"Quam Singulari" എന്നാരംഭിക്കുന്ന പരിശുദ്ധ പിതാവു പത്താം പീയൂസു മാർപ്പാപ്പാ തിരുമനസ്സിലെ പ്രഖ്യാതമായ തിരുവെഴുത്തു പുറത്തു വന്നതിന്റെ ശേഷം ദിവ്യകാരുണ്യ സ്വീകരണം സംബന്ധിച്ചു വിശ്വാസികളുടെയിടയിലുണ്ടായിട്ടുള്ള അഭിവൃദ്ധി അവൎണ്ണനീയമെന്നേ പറയേണ്ടതുള്ളു. വിശുദ്ധ കുർബ്ബാനയുടെ പാപ്പായെന്നു ന്യായസമേതം വിളിക്കപ്പെടാവുന്ന ഈ പരിശുദ്ധ പിതാവു, ദിവ്യകാരുണ്യം ഉൾക്കൊള്ളുന്നതിലേക്കു വേണ്ട ഒരുക്കത്തെക്കുറിച്ചും യോഗ്യതകളെക്കുറിച്ചും അതേവരെ ശാസ്ത്രജ്ഞന്മാരുടെ ഇടയിൽപ്പോലുമുണ്ടായിരുന്ന തർക്കങ്ങളും അഭിപ്രായ വ്യത്യാസങ്ങളുമെല്ലാം ദൂരീകരിച്ച് വരപ്രസാദ സ്ഥിതിയും നല്ല നിയോഗവും മാത്രം ഇതിലേക്കു അവശ്യം വേണ്ട ഒരുക്കം എന്നു നിർണ്ണയിച്ചതിനോടുകൂടെ പഴയ ആശങ്കകളെല്ലാം അസ്തമിച്ചു. ക്രിസ്ത്യാനിയുടെ ആത്മപോഷണത്തിനു ഒഴിച്ചുകൂടാത്ത ഈ ദിവ്യഭോജനം അടുക്കലടുക്കലെന്നല്ല പ്രതിദിനംപോലും കൈക്കൊള്ളുന്നതിനു ഏതന്തസ്സുകാർക്കും പാടുണ്ടെന്നു തീർച്ചയായി. ഇങ്ങനെ "ഞങ്ങളുടെ പ്രതിദിനമുള്ള അപ്പം ഇന്നു ഞങ്ങൾക്കു നീ തരിക" എന്നു പ്രാർത്ഥിക്കതന്നെയല്ല, ആ പ്രാർത്ഥനയെ പഠിപ്പിച്ച പരമ ഗുരുവിന്റെ ഉദ്ദേശത്തിനും ആദ്യ ക്രിസ്ത്യാനികളുടെ പതിവിനും അനുസരിച്ചു മാലാഖാമാരുടെ വിരുന്നിന്നു ദിവസംപ്രതി അണയുന്നതിന്നു സത്യവിശ്വാസികൾ ശ്രമിച്ചുതുടങ്ങി.

ഭക്ഷണം കുട്ടികൾക്കും ആവശ്യമാണല്ലൊ. മാമ്മോദീസായിൽ കിട്ടിയ ദൈവപ്രസാദം നഷ്ടമാകാതിരിക്കുന്ന ആ ഭാഗ്യപ്പെട്ട കുററമില്ലായ്മയുടെ കാലങ്ങളിൽ ഈ സ്വർഗ്ഗീയ ഭോജനം ക്രിസ്തീയ ശിശുക്കൾക്കു എത്ര പ്രയോജനകരമായി ഭവിപ്പാൻ പാടുണ്ടെന്നുള്ളതു പുണ്യവാനായ നമ്മുടെ മാർപ്പാപ്പാ വിസ്മരിച്ചില്ല. മാലാഖാമാരുടെ അപ്പമായ വിശുദ്ധ കുർബ്ബാനയെ സാധാരണ അപ്പത്തിൽനിന്നു തിരിച്ചറിവാൻ തക്ക ബുദ്ധിവികാസം വന്നിട്ടുള്ള ഏതൊരു കുട്ടിക്കും ദിവ്യകാരുണ്യം ഉൾക്കൊള്ളുന്നതിനു പാടുണ്ടെന്നു അദ്ദേഹം തീർപ്പുചെയ്തു. അതിനാൽ ആണ്ടിലൊരിക്കൽ കുമ്പസാരിച്ചു കുർബ്ബാന കൈക്കൊള്ളുന്നതിനുള്ള കടവും ഈദൃശമായ തിരിച്ചറിവോടുകൂടെ അവർക്കു ആരംഭിക്കുന്നു.

ദിവ്യകാരുണ്യ രാജ്യത്തിനു കുട്ടികളുടെ ഇടയിൽ ഇപ്പോൾ സിദ്ധിച്ചിട്ടുള്ള പ്രചാരം ഇത്രയെന്നു പറയാവുന്നതല്ല. ഫിലിപ്പൈൻ ദ്വീപുകളിൽനിന്നു ഫാദർ സാൻഡ് വലിയെററ് എന്ന മിഷ്യനറിയുടെ ഒരു റിപ്പോർട്ടിൽ ഇപ്രകാരം പ്രസ്താവിച്ചുകാണുന്നു. "ദിവ്യകാരുണ്യ സ്വീകരണം ഒന്നിനൊന്നു വർദ്ധിച്ചുവരുന്നുണ്ട്..... കത്തോലിക്കാ വിദ്യാലയങ്ങളിലെ കുട്ടികൾ വഴിയ്ക്കാണ് ഈ വർദ്ധനവിൽ അധിക ഭാഗവും. ഇവരാണ് സാക്ഷാലുള്ള പ്രായോഗിക കത്തോലിക്കർ. പ്രായം ചെന്നവർ ഈ വക കാര്യങ്ങൾ ധരിച്ചുവരുന്നതിനു ഇനിയും സാവധാനമാണ്. അവരുടെ പഴയ ഭക്തമുറകളിൽതന്നെ അവർ നില്ക്കയേയുള്ളു. ഇവരിൽ പലരേക്കൊണ്ടും അടുക്കലടുക്കലൊ പ്രതിദിവസമൊ കുർബ്ബാന കൈക്കൊള്ളിപ്പാൻ ഒരിക്കലും സാധിക്കുന്നതല്ല."

ആകയാൽ കുട്ടികളുടെ ദിവ്യകാരുണ്യ സ്വീകരണ വിഷയത്തിൽ സത്വ

പൂവ്വാധികമായ ശ്രദ്ധ പതിഞ്ഞുകാണ്മാൻ തിരുഹൃദയഭക്തന്മാർ ഈ മാസത്തിൽ പ്രത്യേകിച്ചു പ്രാത്ഥിക്കണം.

ധനുമാസം— "സ്ത്രീകളുടെ സാമുദായിക നില."

# കുറിപ്പുകളും വത്തമാനങ്ങളും.

### പ്രത്യദ്ധവാരിക.

തിരുവല്ലായിൽനിന്നു പ്രസിദ്ധപ്പെടുത്തിവരുന്ന "കേരളകാഹളം" അടുത്ത വൃശ്ചികം ഒന്നാം തീയതി മുതൽ ബുധൻ, ശനി എന്ന രണ്ടു ദിവസങ്ങളിൽ പുറപ്പെടുന്ന ഒരു പ്രത്യദ്ധവാരികയാക്കുന്നതിനു ഭാരവാഹികൾ തീർച്ചപ്പെടുത്തിയിരിക്കുന്നതായി ഏതാനും വിജ്ഞാപനങ്ങൾ ഇവിടെ കിട്ടിയിരിക്കുന്നു. ഞങ്ങളുടെ സഹജീവിക്കു സകല വിജയങ്ങളും സിദ്ധിക്കുമാറാകട്ടെ!

### കൈപ്പററിയിരിക്കുന്നു.

☞ അഭിപ്രായത്തിനായി അയച്ചുതന്നിട്ടുള്ള വരാപ്പുഴ മാനസാന്തരസഖ്യംവക "പരമാന്ത്യലബ്ധിക്കു മതം ആവശ്യമോ?" എന്ന ലഘുലേഖയും, എണ്ണാകുളം കരകൌശലശാല മുദ്രാലയത്തിൽ അടിച്ച "ലിമ്പിയാസിലേ അത്ഭുതകരമായ തുഞ്ഞപ്പെട്ട രൂപം" എന്ന പുസ്തകവും, സ്ഥലം സെൻറ് ജോസഫ്സ് പ്രസ്സിൽനിന്നു പുതുതായി പുറപ്പെട്ടിട്ടുള്ള "വ്യാകുലമാതാവിൻെറ വണക്കമാസ"വും നന്ദിപൂവ്വം കൈപ്പററിയിരിക്കുന്നു. അഭിപ്രായം വഴിയെ.

### "ഹിന്തുമതം."

"സഹോദരൻ" പത്രാധിപർ ശ്രീമാൻ കെ. അയ്യപ്പൻ ബി. ഏ. അവർകൾ പ്രസ്തുത മാസികയിൽ എഴുതിയിരുന്ന ഏതാനും ലേഖനങ്ങളെ ച്ചേത്തു 'കുസുമഗ്രന്ഥാവലി' ൧൬-ാം നമ്പരായി പ്രസിദ്ധപ്പെടുത്തിയിട്ടുള്ള ഈ ചെറുപുസ്തകം വായിച്ചു നോക്കിയാൽ ഹിന്തുമതത്തേക്കുറിച്ചു കാര്യവിവരമുള്ള ഹിന്തുക്കളുടെയിടയിൽ എന്തഭിപ്രായമാണ് ഇപ്പോഴുള്ളതെന്നു നല്ലപോലെ തെളിവാകും. മിസ്റ്റർ അയ്യപ്പൻ സുസമ്മതനായ ഒരു സമുദായനേതാവാണ്. അദ്ദേഹത്തിൻെറ അഭിപ്രായത്തിനു ഈഴവസമുദായാംഗങ്ങളുടെ ഇടയിലെങ്കിലും നല്ല പ്രാമാണ്യമുണ്ടാകാതിരിക്കുന്നില്ല. പറയാനുള്ളതൊക്കെ വിശദമായും സരസമായും പറയുന്നതു മിസ്റ്റർ അയ്യപ്പൻെറ സഹജസ്വഭാവമാണ്. ഈ സ്വഭാവവിശേഷം ഇവിടെയും ധാരാളം വെളിപ്പെട്ടിട്ടുണ്ട്. ഈഴവരുടെ ഇടയിൽ ഈ കാലഘട്ടത്തിൽ ഇങ്ങനെയുള്ള പ്രസിദ്ധീകരണങ്ങൾ പ്രചരിപ്പിച്ചാൽ അതുകൊണ്ടു പ്രയോജനമുണ്ടാകാതിരിക്കുന്നതല്ല. ക്രിസ്തീയമതാഭിമാനികളുടെ ശ്രദ്ധയെ ഈ വിഷയത്തിലേക്കു ഞങ്ങൾ ആകർഷിച്ചുകൊള്ളുന്നു.

### നമ്മുടെ യുവാക്കന്മാരോട്.

'കുസുമഗ്രന്ഥാവലി'യെ സഹായിപ്പാൻ നമ്മുടെ നാട്ടിലുള്ള സമുദായസ്നേഹികളായ ചില ചെറുപ്പക്കാർ പണപ്പിരിവു നടത്തിവരുന്നുവെന്നു അറിയുന്നതു അച്ചനു സന്തോഷപ്രദമായിരിക്കുമല്ലൊ" എന്നൊരെഴുത്തുതൃശ്ശിനാപ്പള്ളി സെൻറ് ജോസഫ് ജോളജിൽ പഠിക്കുന്ന ഞങ്ങളുടെ ഒരു മാന്യസുഹൃത്തിൽനിന്നു കുറേ മുമ്പു ഇവിടെ കിട്ടുകയുണ്ടായി. ഏറെ താമസിയാതെ പേരുവയ്ക്കാതെ ഒരെഴുത്തും, ഒരു വികാരിയച്ചൻെറ സഹായം വച്ചു ഒരു മണിയോർഡറും വന്നുചേന്നു. അതു പലയാളുകൾ കൂടിച്ചേന്നു പിരിച്ചെടുത്ത ഒരു തുകയാണെന്നും, അകത്തോലിക്കക്കു സൌജന്യമായി ഗ്രന്ഥാവലിപ്പുസ്തകങ്ങൾ അയച്ചുകൊടുക്കുന്നതിനു അതുപയോഗപ്പെടുത്തണമെന്നും, മേലാൽ കൂടുതൽ സഹായം ചെയ്യുന്നതിന്നു ശ്രമിക്കുന്നതാണെന്നും മററും എഴുത്തിൽ പ്രസ്താവിച്ചിരുന്നു. ഉദാരമതികളായ ഈ യുവാക്കന്മാരുടെ ഹിതാനുസരണം പുസ്തകങ്ങൾ വിതരണം ചെയ്തിരിക്കുന്ന വിവ

രം കൃതജ്ഞതാപൂർവ്വം അറിയിച്ചുകൊള്ളുന്നു. ഇവരെ അനുകരിച്ചു മൂവാററുപുഴ യുവജനസമാജക്കാരും ശ്രമിച്ചുവരുന്നതായി ഞങ്ങളെ അറിയിച്ചിട്ടുണ്ട്. നമ്മുടെ യുവജനസമാജങ്ങളെല്ലാം ശ്രമിക്കുന്നപക്ഷം ഗ്രന്ഥാവലി എത്ര ഉപയോഗപ്രദമാകുത്തീരുമെന്നുള്ളതാണെന്നുപറയേണ്ടതില്ലല്ലൊ. മാസംതോറും ഓരോ രൂപസ്സു പുസ്തകങ്ങൾ ചെലവാക്കുവാൻ സാധിക്കാത്ത സമാജങ്ങളുണ്ടാകുമോ? ആകയാൽ ഈ വിഷയത്തിലേക്കു സമുദായസ്നേഹികളായ യുവജനസമാജാംഗങ്ങളുടെ ശ്രദ്ധയെ ഞങ്ങൾ ക്ഷണിച്ചുകൊള്ളുന്നു.

### നാം ചെയ്യേണ്ടതു്.

ലോകത്തിൻെറ ഏതുഭാഗത്തുനോക്കിയാലും ഇപ്പോൾ ബഹളംതന്നെ. ഐറിഷ്കാര്യം എങ്ങനെ കലാശിക്കുമെന്നു ഇതേവരെ പറയാറായിട്ടില്ല. റഷ്യാ ഇപ്പോഴും ഒരു ബാബിലോൺ തന്നെ. ഭയങ്കരക്ഷാമവും കൂടി മൂത്തിച്ചടപ്പാൽ അവിടത്തെ സ്ഥിതി ഇത്രയധികം പരിതാപകരമാവാൻ പാടില്ലെന്നുള്ള നിലയിലെത്തിയിട്ടുണ്ട്. സ്ഥാനഭ്രഷ്ടനായ ആസ്ത്രിയാ ചക്രവത്തി തിരികെ എത്തി അവിടെ ഉണ്ടാക്കുന്ന ബഹളം അതങ്ങനെ. റഷ്യായും അഫ്ഗാനിസ്ഥാനും തമ്മിലുള്ള മൈത്രി പ്രബലപ്പെട്ടുവരുന്നു. ഇൻഡ്യയിലെ അസ്വാസ്ഥ്യത്തിൻെറയെല്ലാം മൂലകല്ലു ഈ മൈത്രിയിന്മേൽ താങ്ങി യൂറോപ്പിലാണു് കിടക്കുന്നതെന്നു മിക്കവാറും തെളിഞ്ഞിരിക്കുന്നു. മലബാറിലെ മാപ്പിള ലഹള എല്ലാവക്കും നല്ല ഒരു പാഠമായിത്തീന്നിരിക്കുന്നു. ഹിന്ദുമുസ്ലീം മൈത്രി അതോടെ അസ്തമിച്ചെന്നു പറയാം. ബ്രിട്ടീഷ് ഗവമ്മെണ്ട് പതിവിലെന്യേ ഉണന്നുവശായിട്ടുണ്ട്. ആലിസഹോദരന്മാരും മററു പല നേതാക്കന്മാരും ബന്ധനത്തിലായിക്കഴിഞ്ഞു. 'ശാന്തം' 'ശാന്തം' എന്നു പ്രസംഗിച്ചുകൊണ്ടു ഗാന്ധി ഇപ്പോഴും ചുററിനടക്കുന്നുണ്ട്. പക്ഷേ മുഹമ്മദീയരുടെ ഇനിയത്തെ നടപടികൾ എന്താണെന്നു കണ്ടറിയേണ്ടിയിരിക്കുന്നു. "സഹകരണത്യാഗം വിട്ടു അജ്ഞാലംഘനപ്ര

തത്തിലേക്കു അവര് കടന്നിരിക്കുന്നുവെന്നോ കടക്കാൻ പോകുന്നുവെന്നോ കേൾക്കുന്നു. തിരുവിതാംകോട്ടേ 'പിള്ളേരുകളി'യുടെ കലാശവും അത്ര അഭിലഷണീയമല്ല. ഏതായാലും അധികാരത്തോടു കളിക്കുന്നതു കാര്യമായിത്തീരുമെന്നു എല്ലാവരും ഒടുവിൽ ഗ്രഹിപ്പാനിടയാകും. എന്നാൽ ഈ ബഹള സമുദ്രത്തിൻെറ മദ്ധ്യത്തിൽ കത്തോലിക്കരായ നാം എന്താണു ചെയ്യേണ്ടതെന്നു ചോദിക്കയാണെങ്കിൽ, ഒന്നാമതു, ലോകത്തിൻെറ സമാധാനത്തിനായി ഭക്തിപൂവ്വം ദൈവത്തോടു നാം പ്രാത്ഥിക്കണം. രണ്ടാമതു ന്യായമായ അധികാരത്തിനു എപ്പോഴും കൃത്യമായി കീഴ്പ്പെട്ടുനില്ക്കണം. ലോകം മുഴുവൻ കുലുങ്ങിയാലും പിന്നെ നമുക്കു യാതൊന്നും ഭയപ്പെടേണ്ടതില്ല.

### ഡെലഗാഡപ്പൊസ്തോലിക്കാ

തിരുമനസ്സുകൊണ്ടു നവംബർ 2—ാംനു- ഇൻഡ്യയുടെ ഉത്തര ഭാഗങ്ങളിലേക്കു സ്ഥാനസന്ദർശനത്തിനു പുറപ്പെടുന്നതാണെന്നും, ആകയാൽ നവംബർ മാസത്തിൽ അവിടത്തേക്കു് അയക്കുന്ന എഴുത്തുകളെല്ലാം C/o H. L. Mgr. Poli Bishop of Allahabad എന്നും, ഡിസംബർമാസം മുഴുവനും Archbishop's House 32 Park Street Calcutta എന്നും ഉള്ള മേൽവിലാസങ്ങളിൽ അയക്കേണ്ടതാണെന്നും അവിടത്തെ ആക്ടിംഗ് സെക്രട്ടറി റവ: ഫാദർജോസഫ് പൈനുങ്കൽ അവർകൾ ഇവിടെ അറിയിച്ചിരിക്കുന്നു.

## ചരമവാത്തകൾ.

കത്താവിൽ ഭാഗ്യമരണം പ്രാപിച്ച താഴെപ്പറയുന്ന ആളുകൾക്കു വേണ്ടി കുസുമവായനക്കാർ പ്രാത്ഥിപ്പാറാകണം.

(1) പാലാവലിയ പള്ളിയിടവക വട്ടമല ഔസേപ്പു സെപ്റ്റംബർ ൧—ാംനു- ബുധനാഴ്ച വൻവയസ്സു. (2) തൃശ്ശൂർ മിസ്സം ആളൂർ ഇടവക മഞ്ഞളി വടക്കേപ്പീടിക ലോന കുഞ്ഞിപ്പൈലോതു്

സെപ്റ്റമ്പർ ൨൨–ാംനു-. ൯൫ വയസ്സ്. (3) ചെമ്പിലിടവക അയ്യനംപറമ്പിൽ തൊമ്മൻ ഔസേപ്പു സെപ്റ്റമ്പർ ൨൫–ാംനു-. (4) കോതനെല്ലൂർ പള്ളിയിടവക കുപ്പത്താനത്തു ബ. യോഹന്നാനച്ചൻ സെപ്റ്റമ്പര ൨൯-ാംനു- ൭൪ വയസ്സ്. (5) പുത്തൻപള്ളി സെമ്മിനാരിയിൽ തത്വശാസ്ത്രം പഠിച്ചിരുന്ന കട്ടപ്പാമററം ഇടവക തൊണ്ണനാൽ ബ. ഫ്രാൻസീസു ശമ്മാശ്ശൻ സെപ്റ്റമ്പർ ൨൪-ാംനു- ശനിയാഴ്ച. (6) കുറവിലങ്ങാട്ടു പള്ളിയിടവക ചാലിൽ പുത്തൻപുരയ്ക്കൽ പൈലി വക്കി ഒക്ടോബർ ൯-ാംനു- ൭൮ വയസ്സ്. (7) കുറവിലങ്ങാട്ടു പള്ളിയിടവക പള്ളിവീട്ടിൽ പനങ്കുഴയ്ക്കൽ കുര്യെപ്പു ഒക്ടോബർ ൧൮-ാംനു- ബുധനാഴ്ച.

## മനോഗുണ വിവരങ്ങൾ.

☞ ചുരുക്കമായി ഈ വിധ വിവരങ്ങൾ പ്രസിദ്ധപ്പെടുത്തുന്നതിലേക്കു ഒരു രൂപാ മുമ്പോറടച്ചിരിക്കണം.

ചെങ്ങളം വി. അന്തോനീസിൻെറ മാദ്ധ്യസ്ഥത്താൽ എൻെറ ജ്യേഷ്ഠത്തിയുടെ സുഖക്കേടു പൂൎണ്ണമായി ശമിച്ചിരിക്കുന്നു.

കെ. എം. ജെ. ചിററൂർ.

അന്തോനീസു പുണ്യവാൻെറ സഹായത്താൽ ഒരു കേസു ഗുണമായിട്ടു വന്നതിലേക്കു ഇവിടെയുള്ള ഒരാശാരിയുടെ ഉപകാരസ്മരണ.

എ. ററി. കോക്കമംഗലം.

ഒരു പുളിങ്കുന്നുകാരി സ്ത്രീ വാതരോഗം നീങ്ങിക്കിട്ടിയതിനു മാറന്തോനീസിനു ഉപകാരസ്മരണ ചെയ്യുന്നു.

ഈശോയുടെ തിരുഹൃദയം വഴി എനിക്കു കിട്ടിയ വലിയ ഒരു സഹായത്തിനു ഉപകാരസ്മരണ.

വി. ആർ. കോതമംഗലം.

ചെങ്ങളത്തിലേ മാർ അന്തോനീസിൻെറ മാദ്ധ്യസ്ഥത്താൽ സൎവ്വേപ്പരീക്ഷയിൽ ജയിച്ചതിനുള്ള കൃതജ്ഞത.

കെ. യു. കെ. ചെങ്ങന്നൂർ.

പൈങ്ങട്ടൂർ അന്തോനീസു പുണ്യവാനോടു അപേക്ഷിച്ചു എൻെറ കുഷ്ഠരോഗം നീങ്ങിയിരിക്കുന്നു.

കെ. ജെ. പെരിങ്ങുഴ.

ചെങ്ങളത്തേ വി. അന്തോനീസിൻെറ സഹായത്താൽ എനിക്കു ലഭിച്ച അത്ഭുത രോഗശമനത്തിനു ഉപകാരസ്മരണ ചെയ്തുകൊള്ളുന്നു.

വി. ഗോമസ് സിലോൺ.

അസാദ്ധ്യമായിക്കാണപ്പെട്ട ഒരു കാൎയ്യം ചെങ്ങളത്തേ വി. അന്തോനീസിൻെറ സഹായത്താൽ ശുഭമായി അവസാനിച്ചിരിക്കുന്നു. പി. വി. എം. ത്രിച്ചൂർ.

പരിശുദ്ധ കന്യകയുടെ സഹായത്താൽ എനിക്കു പരീക്ഷാവിജയം സിദ്ധിച്ചിരിക്കുന്നു. സി. സി. ത്രിച്ചൂർ.

ചെങ്ങളത്തു പുണ്യവാനോടു അപേക്ഷിച്ചു ക്ലാസു കയററം കിട്ടിയതിനു ഉപകാരസ്മരണ. ക. അ. സ.

പരീക്ഷാവിജയത്തിനുവേണ്ടി പരിശുദ്ധ ദൈവജനനിക്കും, യൗസേപ്പുപിതാവിനും മാർ അന്തോനീസിനും ഉപകാരസ്മരണ.

കെ. ററി. കെ. ത്രിശ്ശിനാപ്പള്ളി.

ദീൎഘനാളായി കുരുടനായിരുന്ന ഒരു പറയനു പൈങ്ങട്ടൂർ വി. അന്തോനീസിനോടു പ്രാൎത്ഥിച്ചു സുഖം ലഭിച്ചിരിക്കുന്നു. എഫ്. എക്സ്. കെ.

വളരെക്കാലമായി ആഗ്രഹിച്ചിരുന്ന ഒരു വലിയ കാൎയ്യം അന്തോനീസു പുണ്യവാൻെറയും കൊച്ചുത്രേസ്യായുടെയും സഹായത്താൽ സാധിച്ചിരിക്കുന്നു. ഇവരുടെ മദ്ധ്യസ്ഥത്താൽത്തന്നെ എൻെറ മകളുടെ കഠിന പനി ഭേദപ്പെട്ടിരിക്കുന്നു.

കെ. കെ. സി. ഇരിങ്ങാലക്കട.

എൻെറ സഹോദരിയുടെ ഭൎത്താവും ഒരു കുട്ടിയും മാപ്പിള ലഹളസ്ഥലത്തു അപത്തുക്രൂടാതെ ഇരിക്കുന്നുവെന്നറിവു കിട്ടിയതിനു മാതാവിനു സ്തോത്രം.

കെ. ജി. പള്ളിക്കുന്നം ചാത്തമ്മൂട്.

ചെങ്ങളത്തേ അന്തോനീസു പുണ്യവാൻെറ സഹായത്താൽ കുട്ടിയുടെ അപകടദീനം ഭേദപ്പെട്ടതിൽ ഉപകാരസ്മരണ. എ. ജി. സി. ചാത്തമ്മൂട്.

എനിക്കു ലഭിച്ച ഒരസാമാന്യ മനോഗുണത്തിനുവേണ്ടി ചെങ്ങളം മാറന്തോനീസിന്നു ഉപകാരസ്മരണ ചെയ്യുന്നു.

പി. എ. ജോസഫ് ചാലപ്പള്ളി.

# പഞ്ചാംഗം.

ഞായറാഴ്ച അക്ഷരം ൭ ൫൦൨൨ ൧൦൭൯ എപ്പകത്തി ൨൨.

## ൧൯൨൧ നവംബർ — ൧൦൯൭ തുലാം - വൃശ്ചികം.

| | | | | |
|---|---|---|---|---|
| 1 | 16 | ചൊ | ✠ സകല ശുദ്ധ. തിരുനാൾ ന. ആ. കു. വെ. | വെ. |
| | | | പ്ലാശനാൽപ്പള്ളിയിൽ ശു. ത്രേസ്യാ പു. ദർശനത്തിരുനാൾ. | |
| | | | ഇന്നുച്ച മുതൽ നാളെ പാതിരാവരേ എല്ലാ ദേവാലയങ്ങളിലും | |
| | | | "തോസ്യസ് കോപാസ്യസ്" എന്ന പൂൎണ്ണദണ്ഡവിമോചനം. | |
| 2 | 17 | ബു | സകല മരിച്ചവരുടെ ഓൎമ്മ. ന. ആ. കു. വെ. | ക. |
| 3 | 18 | വ്യാ | † സകല ശുദ്ധ. എം. ന. ആ. കു. വെ. | വെ. |
| 4 | 19 | വെ | വേദ. ബിത്താലി ന. ആ. കു. വെ. | ച്യു. |
| 5 | 20 | ശ | † മെ൮. സക്കരിയാ. ന. ആ. കു. വെ. | വെ. |
| 6 | 21 | ഞാ | ✠ പന്ത. ൨൦. ന. ആ. കു. ദന. ൭ാം ഞാ. ൧൨ . ൦ . ൨ | പ. |
| 7 | 22 | തി | † അ. മെ൮. കാൎളോസ്. ന. ആ. കു. വെ. (ഈ മാ. ൪) | വെ. |
| 8 | 23 | ചൊ | സകല ശുദ്ധ. എട്ട. ന. ആ. കു. വെ. | വെ. |
| 9 | 24 | ബു | ദിവ്യരക്ഷകൻെറ പള്ളിക്കൂദാശ. ന. ആ. കു. വെ. | വെ. |
| 10 | 25 | വ്യാ | വേദ. തൂപ്പ്ലൊ. ക്രൂട്ടരും ന. ആ. കു. വെ. | ച്യു. |
| 11 | 26 | വെ | അ. മെ൮. മത്തീനോസു. ന. ആ. കു. വെ. | വെ. |
| 12 | 27 | ശ | പാ. വേദ. മത്തീനോസ്. ന. ആ. കു. വെ. | ച്യു. |
| 13 | 28 | ഞാ | ✠ പന്ത. ൨൩. ന. ആ. കു. ദന. ൩. ൧൨൭൩൭൪ . ൭൮ . ൭ . ൮ | പ. |
| 14 | 29 | തി | † മെ൮. സ്ലൻസ്ലാ. കൊസ്തു. ന. ആ. കു. വെ. (ഇന്നലെ) | വെ. |
| 15 | ⊕30 | ചൊ | † ക. ജെൎത്രൂദ. ന. ആ. കു. വെ. | വെ. |
| 16 | 1 | ബു | † മെ൮. ദിദക്കം. ന. ആ. കു. വെ. (ഈ മാ. ൧൨) | വെ. |
| 17 | 2 | വ്യാ | † മെ൮. അത്ഭുത പ്രവൎത്ത. ഗ്രിഗോരി. ന. ആ. കു. വെ. | വെ. |
| 18 | 3 | വെ | പത്രോസ്. പെ൮ലോസ്. പള്ളിക്കൂദാശ. ന. ആ. കു. വെ. | വെ. |
| 19 | 4 | ശ | പാ. വേദ. പൊന്തിയാ. ന. ആ. കു. വെ. | ച്യു. |
| 20 | 5 | ഞാ | ✠ പന്ത. ൨൪—ാം ആ. കു. പന്ത. ൨൪. ൧൨ . ൯ . ൨ | പ. |
| 21 | 6 | തി | ക. മറിയത്തിൻെറ ദേവാലയപ്രവേശനം. ന. ആ. കു. വെ. | വെ. |
| 22 | 7 | ചൊ | ക. വേദ. കിക്കിലിയാ. ന. ആ. കു. വെ. | ച്യു. |
| 23 | 8 | ബു | പാ. വേദ. ക്ലേമെൻസ്. ന. ആ. കു. വെ. | ച്യു. |
| 24 | 9 | വ്യാ | വേദ. ക്രിസാഗോ. ന. ആ. കു. വെ. | ച്യു. |
| | | | മുത്തോലി ആശ്രമത്തിൽ നാല്പതുമണിയാരാധന തുടക്കം. | |
| 25 | 10 | വെ | ക. വേദ. കത്രിനാ. ന. ആ. കു. വെ. | ച്യു. |
| 26 | 11 | ശ | അ. വേദ. പത്രോ. അലക്സാന്തർ. ന. ആ. കു. വെ. | ച്യു. |
| | | | മുത്തോലി ആശ്രമം. ശു. യോഹന്നാൻ ക്രൂസ് പുണ്യ. തിരുനാൾ. | |
| 27 | 12 | ഞാ | ✠ ആഗമനം ൧ാം. ന. കു. ആ. ൧൨൭൩൭ . ൭൮ . ൨ . ൮ | റോ. |
| 28 | 13 | തി | † മെ൮. യോഹ. ദസ്വീ. ന. ആ. കു. വെ. (ഈ മാ. ൨൪) | വെ. |
| 29 | 14 | ചൊ | ശു. അന്ത്രയോസു ശ്ലീ. തലേ. ന. ആ. കു. ത. (ഇ. വി.) | റോ. |
| | | | എ. ഭാ. ക. മറിയ. അമലോത്ഭവനവനാൾ തുടങ്ങുന്നു. | |
| 30 | ● 15 | ബു | (✠) ശു. അന്ത്രയോസു ശ്ലീഹാ. ന. കു. വെ. | ച്യു. |
| | | | ഇന്നു പാതിരാവിൽ ൨൫ നോമ്പു തുടങ്ങും. | |
| | | | പിറവിത്തിരുനാളിനാസ്ഥപ്പാടായി പ്രതിദിനം ൫൦ നന്മനിറഞ്ഞ | |
| | | | മറിയം എത്തിക്കുന്ന ഭക്തി ഇന്നു തുടങ്ങും. | |
| | | | എളങ്ങുളത്തുപള്ളിയിൽ പരിശുദ്ധ വ്യാകുലമാതാവിൻ തിരുനാൾ, | |

Printed and published for the proprietor by P. K. Joseph, at
St. Joseph's Press, Mannanam, 1921.

**JUST ARRIVED** **NEW GERMAN STOCK**

# T. LOUIS & Co.

## CATHOLIC WAREHOUSE.

TRICHINOPOLY.

---

Statues. Ivory, Coloured plaster, Porcelein. Holy water fonts Wooden Crosses in Plaster & Nickel Figure. Candlesticks, Sancturad Lamps. Celluliod Coloured Crucifixes, Book Pictures Celluliod Framey Pictures.

Statues.- Ivory height 8½", 12", 16", Rs. 1-8-0 3, 5, each.
In Bronze decoration 12", 16", 20" Rs. 6, 9-8-0, 13-8-0
Coloured Plaster. 8½". 12". 16", 20" & 24", Rs. 2-8, 5, 7-8, 13 & 18.
Porcelein assorted pattern. 7", 9", 10", 11", 12" & 16". Rs. 1, 1-8, 2-4, 2-12, 3-4, 5.
Porcelein Angels Pair Rs. 2 & 2-8. Plaster Angels Pair Rs. 4-8.
Xmas Crib Statues set of three 5", Rs. 4, set 8", Rs. 8. 12", Rs. 16.
Spare Infant Jesus with cradle 3", 6" & 8". Rs. 1, 3, 5 each.
Hanging Angels for Cribs 6" & 10", Rs. 2-8, & 4-8, each.
Shepherds 3 sorts 6" Rs. 2, 9, Rs. 3. each. Animals Rs. 2-8. per set.
Complete set of Xmas Crib consisting of 12 figures 9", 12", Rs. 24, 35.
Holy Water Fonts. Nickel each Rs. 2-4, Metal fonts 2-4, 2-12, 3, 3-8, 5.
Porcelein Fonts of different figures & assorted sizes each 0-8-0, 1, 1-4. 1-12, 2-4.
Crucifixes Nickel to stand each Rs. 2-8, 4-8, 5, 6, 8.
Wooden crosses to stand or to hang with Nickel or plaster figure 10", 12", 14", 16" 18", 20", 24", 28". Rs. 1-8, 2-8, 3-4, 4, 5, 6.
Ivory figure 3" 4. 5, 6. 3-8, 10, 12, 18.
Candle Sticks white metal pair Rs. 3, 3-8, 5, 7-8.
Sanctuary Lamps each Rs. 1-8, 2-4, 2-8, 3.
Celluloid [illegible] coloured Crucifixes 12", each Rs. 1.
C[illegible] Gold bordered framed pictures assorted pattern each [illegible] 2-8.
[illegible] religious assorted sizes 300 to 400 in a box Each Rs. 4.
[illegible] 0, 36. 80, 106, 480, 720, nictures in each sheet Rs. 2. each sheet.
Packet of 100 assorted pictures (superior to Italy & Swiss pictures) Rs. 2-4.
Lace pictures assorted sorts dozen Rs. 1-2.
Rosaries Mother of Pearl each Rs. 3, 3-4, 3-8.
Superior Coco silver chain & cross Rs. 1, 1-4, & 1-8.

N. B:— Special discounts offered to wholesale buyers. Apply for detailed catalogue for Medals, Rosaries Scapulars, pictures etc.

Registered No. M. 365. No: T. 22.

## സോളൊമോന്റെ സുഭാഷിതങ്ങൾ.

ക. നി. മൂ. സ. ബ. മാണിക്കത്തനാർ എഴുതിയ ഒരു പദ്യകൃതി.

വില അണ ൩.

നി. വ. ദിവ്യശ്രീ തൃശ്ശൂർ മെത്രാനച്ചൻ തിരുമനസ്സിലെ

ആശീർവ്വാദലേഖനം.

"സോളമോന്റെ സുഭാഷിതങ്ങൾ" എന്ന നിങ്ങളുടെ പുസ്തകവും എഴുത്തും കിട്ടി. വളരെ നന്ദിപറയുന്നു. ഏറെ പ്രസിദ്ധന്മാരായ ആളുകളിൽനിന്നു് ഇതേപ്പറ്റി നിങ്ങൾക്കു അനുകൂലാഭിപ്രായങ്ങൾ കിട്ടിയിട്ടുണ്ടെന്നറിയുന്നതിൽ സന്തോഷിക്കുന്നു. ഇവിടെ നമ്മുടെ വിദ്യാലയങ്ങളിൽ അതിനു പ്രവേശനമുണ്ടാകുന്നതിനായി ഞാൻ ശ്രമിക്കയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നതാണ്.

എന്റെ ആശിസ്സു് നൽകുന്നു. നിങ്ങളുടെ വിശ്വസ്തൻ,

† F. Vazhapilly.

## മാന്നാനം അച്ചുക്കൂടത്തിൽ വില്പാനുള്ള പുസ്തകങ്ങളുടെ പേരുവിവരം.

(കഴിഞ്ഞ പ്രാവശ്യത്തെ ലിസ്റ്റിൽ ഉൾപ്പെടാത്തവ.)

| | |
|---|---|
| തിരുകർമ്മഗീതം. | കൊച്ചുത്രേസ്യായുടെ ചരിത്രം. |
| പ്രഥമലിഖിതവ്യാകൃത. | ദിവ്യസ്നേഹജ്വാല. |
| ക. നി. മൂ. സഭാചരിത്രം. | പൂജാസാരാർത്ഥം. |
| ദേവസഹായംപിള്ള ചരിത്രം. | ദിവ്യനിക്ഷേപം. |
| ക. നി. മൂ. സ. ജൂബിലിസ്മാരകം. | മാതാവിൻഭക്തി. |
| സ്ലീവാപ്പാത. | ക്രിസ്തുനാഥചരിതം. (കിളിപ്പാട്ടു) |
| തിരുഹൃദയഭക്തി. | നൊവേന. |
| ശിശുപാഠം. | ശ്രീമൂലരാജചരിതം (വഞ്ചിപ്പാട്ടു്.) |

## "കുസുമ" ഗ്രന്ഥാവലി പ്രസിദ്ധീകരണങ്ങൾ.

(൧) "ധർമ്മക്കാരുടെ [illegible] സഭ" (ഫാദർ [illegible]) [illegible] ഉടക്കം.
(൨) "ദേവമാതാവിന്റെ വണക്ക[illegible]പ്പൂക്കൾ" ([illegible] ൨.
(ഫാ. [illegible]) ന്തര. ന. ആ. കു. പെ. ൨.
(൩) "പ്രോട്ടസ്റ്റന്റു മതവും [illegible]" [illegible] ജാൻ ക്രൂസ് പുണ്യ, തിരുനാൾ.
(൪) "ഭാരതഹൃദയം" (സി. അന്തപ്പായി [illegible])
(൫) "അൽമേനികളും [illegible]" ([illegible] പുത്തൻകാരൻ. [illegible] ഏ.)
(൬) "ഹിന്ദുമതം" (കെ. അയ്യപ്പൻ ബി. ഏ.)
(൭) "കത്തോലിക്കാ സഭ" (കെ. ജി. ജോബ് ബി. ഏ.)
൧൫-ാം ബനദിക്തോസ് മാർപ്പാപ്പാ തിരുമനസ്സിലെ ഛായാപടത്തോടുകൂടിയതു്.)
(൮) "ദിവ്യകാരുണ്യകീർത്തനങ്ങൾ" (ഫാദർ സൈമൺ സി. ഡി.)

ഓരോ പുസ്തകത്തിനും രണ്ടു ചക്രം മാത്രമേ വിലയുള്ളൂ. ഒരു രൂപായിക്കു ൧൩ പുസ്തകം കിട്ടും. അഞ്ചൽക്കൂലി ഇതിനും പുറമേ കൊടുക്കണം.

മാനേജർ, കർമ്മലകുസുമം, മാന്നാനം.